F6B5L2

## അധ്യായം 2

# ബിസിനസ് സംരംഭങ്ങളുടെ വിവിധ രൂപങ്ങൾ

# [FORMS OF BUSINESS ORGANISATION]

**പഠന നേട്ടങ്ങൾ**

ഈ അധ്യായം പഠിച്ച് കഴിയുമ്പോൾ പഠിതാവ്:

- വിവിധയിനം ബിസിനസ് സ്ഥാപനങ്ങളെ തിരിച്ചറിയുന്നു.
- വിവിധയിനം ബിസിനസ് സംരംഭങ്ങളുടെ സവിശേഷതകളും, ഗുണങ്ങളും ദോഷങ്ങളും വിശദീകരിക്കുന്നു.
- വിവിധയിനം ബിസിനസ് സംരംഭങ്ങളെ താരതമ്യം ചെയ്യുന്നു.
- അനുയോജ്യമായ ബിസിനസ് സംരംഭം തുടങ്ങുന്നതിനുള്ള ഘടകങ്ങൾ ചർച്ചചെയ്യുന്നു.

മികവുറ്റ വിദ്യാർഥിനിയായ നേഹ, അവളുടെ അവസാനവർഷ ഫലപ്രഖ്യാപനത്തിനായി കാത്തിരിക്കുകയായിരുന്നു. വീട്ടിലായിരിക്കുമ്പോൾ വേനൽ ഒഴിവുസമയം ഫലപ്രദമായി ഉപയോഗിക്കുവാൻ അവൾ തീരുമാനിച്ചു.
പെയിന്റിംഗിൽ അഭിരുചി ഉള്ളതിനാൽ കളിമൺ കലങ്ങളും, പാത്രങ്ങളും ഡിസൈൻ ചെയ്ത് അലങ്കരിക്കാൻ അവൾ ശ്രമിച്ചു. അവളുടെ പുതിയ ജോലിയിലുള്ള മികവിനെക്കുറിച്ച്, സുഹൃത്തുകളും, പരിചയക്കാരും നൽകിയ പ്രശംസയിൽ അവൾ ആവേശഭരിതയായി. അവളുടെ കോളനിയിലും പരിസരത്തും താമസിക്കുന്ന ആളുകൾക്ക് ഏതാനും മൺപാത്രങ്ങൾ വിൽക്കുവാനും അവയ്ക്ക് കഴിഞ്ഞു. വീട്ടിൽ നിന്നു തന്നെ പ്രവൃത്തികൾ ചെയ്യുന്നതിനാൽ വാടക ചെലവുകൾ ലാഭിക്കാൻ കഴിഞ്ഞു. സ്വന്തമായുള്ള സ്ഥാപനത്തെക്കുറിച്ച് നേരിട്ടുള്ള പ്രചരണത്തിലൂടെ വളരെയധികം പ്രശസ്തിനേടാനും അവൾക്ക് കഴിഞ്ഞു. മൺപാത്രങ്ങളിൽ വരയ്ക്കുന്നതിനുള്ള അവളുടെ കഴിവുകൾ കൂടുതൽ മെച്ചപ്പെടുകയും പുതിയരൂപങ്ങളും, ഡിസൈനുകളും സൃഷ്ടിക്കുവാനും അവൾക്ക് കഴിഞ്ഞു. ഇതെല്ലാം അവളുടെ ഉപഭോക്താക്കളിൽ വലിയ താല്പര്യം സൃഷ്ടിക്കുകയും, ഉൽപ്പന്നങ്ങളുടെ ആവശ്യകത വർദ്ധിപ്പിക്കുകയും ചെയ്തു. വേനൽ കാലത്തിന്റെ അവസാനത്തോടെ മൺപാത്രങ്ങൾ, ഡ്രോയിംഗ് ഷീറ്റുകൾ, നിറങ്ങൾ എന്നിവയ്ക്കുള്ള തുച്ഛമായ നിക്ഷേപത്തിൽ നിന്ന് 2,500 രൂപ ലാഭമുണ്ടാക്കാൻ അവൾക്ക് കഴിഞ്ഞു. അതിലൂടെ പുതിയ ജോലി ഒരു കരിയറായി ഏറ്റെടുക്കാൻ അവൾക്ക് പ്രചോദനമായി. അതിനാൽ സ്വന്തമായി ഒരു ആർട്ട് ബിസിനസ് സ്ഥാപനം ആരംഭിക്കാൻ അവൾ തീരുമാനിച്ചു. ഏക ഉടമസ്ഥയെന്ന നിലയിൽ സ്വന്തമായി ബിസിനസ് തുടർന്നു കൊണ്ടുപോകുന്നതിന് അവൾക്ക് പ്രയാസമുണ്ടായിരുന്നില്ല. എന്നാൽ വലിയതോതിൽ ബിസിനസ് ചെയ്യുന്നതിന് അവൾക്ക് കൂടുതൽ പണം ആവശ്യമായിരുന്നു. അധിക ഫണ്ടുകളുടെ ആവശ്യകത നിറവേറ്റുന്നതിനും, ഉത്തരവാദിത്തങ്ങളും അപകടസാധ്യതകളും പങ്കുവയ്ക്കുന്നതിനും അവളുടെ കസിനുമായി ഒരു പങ്കാളിത്തം ഉണ്ടാക്കുവാൻ സ്വന്തം പിതാവ് ഉപദേശിച്ചു. കൂടാതെ, ബിസിനസ് കൂടുതൽ വളരാൻ സാധ്യതയുണ്ടെന്നും അതിനാൽ ഒരു കമ്പനിയായി രൂപീകരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഏതുതരം ബിസിനസ് സംരംഭമാണ് തനിക്ക് കൂടുതൽ അനുയോജ്യമെന്ന തീരുമാനമെടുക്കേണ്ട ഘട്ടത്തിലാണ് അവളിപ്പോൾ.

## 2.1 ആമുഖം [INTRODUCTION]

ഒരു പുതിയ ബിസിനസ് സംരംഭം ആരംഭിക്കുന്നതിനോ നിലവിലുള്ളത് വിപുലപ്പെടുത്തുന്നതിനോ ആഗ്രഹിക്കുന്നവർ ബിസിനസ് സംരംഭങ്ങളുടെ വിവിധ രൂപങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കണം. അതിൽ നിന്ന് ഏറ്റവും അനുയോജ്യമായത് തെരഞ്ഞെടുക്കുന്നതിന് മുമ്പായി ഓരോ സംരംഭത്തിന്റെയും പ്രത്യേകതകളും ഗുണദോഷങ്ങളും കൃത്യമായി പഠനവിധേയമാക്കണം. ബിസിനസ് സംരംഭങ്ങളുടെ വിവിധരൂപങ്ങൾ താഴെ ചേർക്കുന്നു:

a) ഏകാംഗ വ്യാപാരം
b) ഹിന്ദു കൂട്ടുകുടുംബ ബിസിനസ്
c) പങ്കാളിത്ത ബിസിനസ്
d) സഹകരണ സംഘങ്ങൾ
e) ജോയിന്റ് സ്റ്റോക്ക് കമ്പനി

## 2.2 ഏകാംഗ വ്യാപാരം [SOLE PROPRIETORSHIP]

നമ്മൾ സാധാരണയായി നിത്യോപയോഗ വസ്തുക്കളും സ്റ്റേഷനറി സാധനങ്ങളുമൊക്കെ വാങ്ങുന്നതിനായി സമീപ പ്രദേശത്തുള്ള പല സ്ഥാപനങ്ങളെയും ആശ്രയിക്കാറുണ്ട

ല്ലോ? ഇത്തരം സ്ഥാപനങ്ങൾ മിക്കവാറും ഏകാംഗ വ്യാപാര സ്ഥാപനങ്ങളാണ്. അതായത്, ഒരാളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള ബിസിനസ് സ്ഥാപനങ്ങൾ.

ഏകാംഗ വ്യാപാര സ്ഥാപനങ്ങളാണ് ഇന്ന് വിപണിയിൽ എണ്ണത്തിൽ കൂടുതലായി കാണപ്പെടുന്നത്. കാരണം ചെറുകിട ബിസിനസ് സംരംഭങ്ങൾക്ക് ഏറ്റവും അനുയോജ്യമാണ് ഇത്തരം സ്ഥാപനങ്ങൾ. ഒരു വ്യക്തിയുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള ബിസിനസ് സംരംഭമാണിത്. ഇതിൽ ഒരു വ്യക്തി തന്നെ മൂലധനം നിക്ഷേപിക്കുകയും ഭരണകാര്യങ്ങൾ നിർവഹിക്കുകയും ചെയ്യുന്നു. ഈ ബിസിനസിലെ മുഴുവൻ ലാഭവും അതിന്റെ ഉടമസ്ഥന് തന്നെ ലഭിക്കുന്നു. അതുപോലെ നഷ്ടവും ബാധ്യതയും അദ്ദേഹം തന്നെ സഹിക്കേണ്ടി വരുന്നു. കൂടാതെ ബിസിനസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട തീരുമാനങ്ങളെല്ലാം ഇദ്ദേഹം തന്നെയാണ് കൈക്കൊള്ളേണ്ടത്.

വ്യക്തിപരമായ സേവനങ്ങൾ നൽകുന്ന ബ്യൂട്ടിപാർലറുകൾ, ബാർബർ ഷോപ്പുകൾ, തയ്യൽക്കടകൾ, ചെറുകിട ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്കെല്ലാം ഇത്തരം ഏകാംഗ വ്യാപാര സംരംഭങ്ങൾ അനുയോജ്യമാണ്.

**(i) രൂപീകരണവും അടച്ചുപൂട്ടലും [Formation and closure]:**

ഏകാംഗ വ്യാപാരത്തെ സംബന്ധിക്കുന്ന പ്രത്യേക നിയമങ്ങളൊന്നും തന്നെ നിലവിലില്ലാത്തതിനാൽ ഇത്തരം ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും അവസാനിപ്പിക്കുന്നതിനും വളരെ ലളിതമായ നടപടിക്രമങ്ങൾ മാത്രമേയുള്ളൂ. ചില സന്ദർഭങ്ങളിൽ ലൈസൻസ് സമ്പാദിക്കേണ്ട ആവശ്യമുണ്ടാകാം. ആയതിനാൽ ഏകാംഗ വ്യാപാരം ആരംഭിക്കുവാനും അതുപോലെ തന്നെ അവസാനിപ്പിക്കുവാനും വളരെ എളുപ്പമാണ്.

**(ii) ബാധ്യത [Liability]:** ഏകാംഗ വ്യാപാരിയുടെ ബാധ്യത ക്ലിപ്തമല്ല. ആയതിനാൽ ബിസിനസ്സിന്റെ എല്ലാ ബാധ്യതകൾക്കും അദ്ദേഹം വ്യക്തിപരമായി ബാധ്യസ്ഥനായിരിക്കും. ബിസിനസിലെ ബാധ്യതകൾ തീർക്കാനുള്ള ആസ്തികൾ ബിസിനസിൽ ഇല്ലാതെ വന്നാൽ തന്റെ സ്വകാര്യ സ്വത്തിൽ നിന്ന് പോലും അത്തരം ബാധ്യതകൾ കൊടുത്തു തീർക്കുവാനുള്ള ഉത്തരവാദിത്വം അദ്ദേഹത്തിന് ഉണ്ടായിരിക്കും. ഉദാഹരണമായി അഞ്ജലി ഡ്രൈക്ലീനേഴ്സ് എന്ന ഏകാംഗ വ്യാപാരസ്ഥാപനം ബിസിനസ് അവസാനിപ്പിക്കുമ്പോൾ, അവരുടെ ബാഹ്യ ബാധ്യത 80,000 രൂപയും, എല്ലാ ആസ്തികളും വിറ്റ് ലഭിച്ച തുക 60,000 രൂപയും ആണെങ്കിൽ, ബാധ്യതകൾ മുഴുവൻ തീർക്കാൻ ആവശ്യമായ 20,000 രൂപ കൂടി ഉടമസ്ഥൻ തന്റെ സ്വകാര്യ സ്വത്തിൽനിന്ന് കൊണ്ടു വരേണ്ടതുണ്ട്.

> ഒരു വ്യക്തി മാത്രം മുതൽ മുടക്കുകയും, നഷ്ട സാധ്യതകൾ ഏറ്റെടുക്കുകയും, ഭരണ കാര്യങ്ങൾ നിർവഹിക്കുകയും ചെയ്യുന്ന ബിസിനസ് സംരംഭങ്ങളെ ഏകാംഗ വ്യാപാരം എന്നു പറയുന്നു.
>
> *ജെ. എൽ. ഹാൻസെൻ*
>
> ബിസിനസ് സംരംഭത്തിന്റെ തലപ്പത്ത് ഒരു വ്യക്തി മാത്രം എല്ലാ കാര്യങ്ങൾക്കും ഉത്തരവാദിയാവുകയും, എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുകയും, നഷ്ട സാധ്യതകൾ മുഴുവൻ ഏറ്റെടുക്കുകയും ചെയ്യുന്നുവെങ്കിൽ അതിനെ ഏകാംഗ വ്യാപാരം എന്നു വിളിക്കാം.
>
> *എൽ. എച്ച്. ഹാനെ*

## സവിശേഷതകൾ [Features]

ഏകാംഗ വ്യാപാര സ്ഥാപനങ്ങളുടെ പ്രധാന സവിശേഷതകൾ താഴെ പറയുന്നവയാണ്:

**(iii) സ്വയം നഷ്ടം സഹിക്കലും, ലാഭം നേടലും [Sole risk bearer and profit recipient]:** ബിസിനസിലുള്ള നഷ്ടസാധ്യതകൾ മുഴുവൻ ഏറ്റെടുക്കുന്നതിന്റെ ഉത്തരവാദിത്വം ഏകാംഗ വ്യാപാരിക്ക് മാത്രമാണ്. അതുപോലെ ലാഭം മുഴുവൻ നേടാനുള്ള അവകാശവും അദ്ദേഹത്തിന് മാത്രമായിരിക്കും. തന്റെ ബിസിനസിലെ ലാഭം, അദ്ദേഹം ഏറ്റെടുക്കുന്ന നഷ്ടസാധ്യതയ്ക്കുള്ള പ്രതിഫലമായി കണക്കാക്കാം.

**(iv) നിയന്ത്രണം [Control]:** ഏകാംഗ വ്യാപാര സംരംഭങ്ങളുടെ പരിപൂർണ്ണ നിയന്ത്രണം അതിന്റെ ഉടമസ്ഥനായിരിക്കെ, എല്ലാ തീരുമാനങ്ങളും എടുക്കുവാനുള്ള അധികാരം അദ്ദേഹത്തിന് മാത്രമായിരിക്കും. ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ മറ്റുള്ളവരുടെ ഇടപെടൽ ഉണ്ടാവാറില്ല.

**(v) വേറിട്ട നിലനിൽപ് ഇല്ലായ്മ [No separate entity]:** നിയമത്തിന്റെ കണ്ണിൽ ബിസിനസിന് സംരംഭകനിൽ നിന്നും വ്യത്യസ്ഥമായ നിലനിൽപില്ല. ആയതിനാൽ ബിസിനസിലെ എല്ലാ പ്രവർത്തനങ്ങൾക്കും സംരംഭകൻ ഉത്തരവാദിയാകുന്നതാണ്.

**(vi) തുടർച്ചയില്ലായ്മ [Lack of business continuity] :** ഏകാംഗ ബിസിനസ് സംരംഭകനും ബിസിനസും വ്യത്യസ്ത അസ്തിത്വങ്ങൾ അല്ലാത്തതിനാൽ അദ്ദേഹത്തിന്റെ മരണം, പാപ്പരത്തം, മനോരോഗം, ജയിൽവാസം എന്നിവയെല്ലാം പ്രസ്തുത ബിസിനസിന്റെ അടച്ചുപൂട്ടലിന് കാരണമാകുന്നു.

## ഗുണങ്ങൾ [Merits]

ഏകാംഗ വ്യാപാരത്തിന്റെ ഗുണങ്ങൾ താഴെ പ്രതിപാദിക്കുന്നു:

**(i) സത്വര തീരുമാനം [Quick decision making]:**

ബിസിനസുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കാനുള്ള അധികാരവും സ്വാതന്ത്ര്യവും ഉടമയിൽ മാത്രം നിക്ഷിപ്തമായതിനാൽ അടിയന്തരഘട്ടങ്ങളിൽ വേഗത്തിലുള്ള തീരുമാനങ്ങളെടുക്കാൻ അദ്ദേഹത്തിന് സാധിക്കുന്നു. സത്വര തീരുമാനങ്ങൾ പലപ്പോഴും ഒരു ബിസിനസിന്റെ വിജയത്തിന് വഴിയൊരുക്കുന്നു.

**ഒരു പുതിയ തുടക്കം : കൊക്കോകോളയുടെ ആരംഭം ഒരു ഏകാംഗ വ്യാപാരമായി !**
**[A Refreshing Start: Coca Cola Owes its Origin to a Sole Proprietor !]**

കാർബണേറ്റ് ചെയ്യപ്പെട്ട ലഘുപാനീയം എന്നറിയപ്പെടുന്ന കൊക്കകോള ആദ്യമായി ഉൽപാദിപ്പിച്ചത് അമേരിക്കയിലെ ജോർജിയ സംസ്ഥാനത്തിലെ അറ്റ്ലാന്റ എന്ന പട്ടണത്തിലാണ്. 1886 മെയ് 8 ന് ഒരു മരുന്ന് കടയുടെ ഉടമയായ ഡോ. ജോൺ സ്റ്റിത്ത് പെംബേർട്ടൻ എന്നയാളാണ് ഈ പാനീയം നിർമ്മിച്ചത്. അദ്ദേഹം ഈ പാനീയം തന്റെ മരുന്നുകടയിൽ വിൽപനയ്ക്ക് വച്ചു. കേവലം 5 സെന്റിനാണ് ഒരു ഗ്ലാസ് പാനീയം വിൽപ്പന നടത്തിയത്. എന്നാൽ ഈ പാനീയം പ്രചരിപ്പിക്കുന്നതിൽ ഡോ. ജോൺ സ്റ്റിത്ത് വിജയിച്ചില്ല. തുടർന്ന് ഇതിന്റെ ഉടമസ്ഥാവകാശം ആസാ ഗ്രിഗ്സ് കാന്റ്‌ലർ എന്നയാൾക്ക് കൈമാറി. തുടർന്ന് 1889 ൽ ആസാ ഗ്രിഗ്സ് കാന്റ്‌ലർ കൊക്കക്കോള എന്ന ഏകാംഗ വ്യാപാര സ്ഥാപനം ആരംഭിച്ചു. പത്രപരസ്യങ്ങളിലൂടെ അദ്ദേഹം തന്റെ ഉൽപ്പന്നത്തെ ജനപ്രിയമാക്കി മാറ്റി. 1892 ൽ അദ്ദേഹം തന്റെ സ്ഥാപനം ഒരു കമ്പനിയായി രൂപീകരിച്ച് പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി. ആ സ്ഥാപനമാണ് ഇന്ന് നാം കാണുന്ന കൊക്കകോള കോർപ്പറേഷൻ.

### (ii) ബിസിനസ് രഹസ്യം [Confidentiality of information]:

ഒരു വ്യക്തിതന്നെ ബിസിനസിന്റെ ഭരണം നിർവഹിക്കുന്നതിനാൽ ബിസിനസിന്റെ രഹസ്യവിവരങ്ങൾ സൂക്ഷിക്കുന്നത് എളുപ്പമാണ്. ഇത്തരം ബിസിനസിന്റെ കണക്കുകൾ പൊതുവായി പ്രസിദ്ധീകരിക്കുവാൻ ഒരു നിയമവും അനുശാസിക്കുന്നില്ല എന്നതും രഹസ്യവിവരങ്ങൾ സൂക്ഷിക്കുന്നതിന് സഹായകരമാകുന്നു.

### (iii) നേരിട്ടുള്ള പ്രചോദനം [Direct incentive]:

ഏകാംഗ വ്യാപാര സ്ഥാപനത്തിലെ മുഴുവൻ ലാഭവും മറ്റാർക്കും പങ്കുവെക്കാതെ അതിന്റെ ഉടമസ്ഥന് തന്നെ ലഭിക്കും എന്നത് അദ്ദേഹത്തെ പരമാവധി കാര്യക്ഷമതയോടെ പ്രവർത്തിക്കുവാൻ പ്രചോദിപ്പിക്കുന്നു.

### (iv) നേട്ടം കൈവരിച്ചു എന്ന സംതൃപ്തി [Sense of accomplishment]:

ഒരാൾ സ്വന്തം നേട്ടത്തിനായി പ്രവർത്തിക്കുകയും അതിലൂടെ പ്രതീക്ഷിച്ച വിജയം നേടുകയും ചെയ്യുമ്പോൾ അദ്ദേഹത്തിന് ആത്മസംതൃപ്തി ലഭിക്കുന്നു. ഏകാംഗ വ്യാപാര സംരംഭങ്ങളുടെ കാര്യത്തിലും ഇത് ശരിയാണ്. കാരണം സംരംഭകൻ സ്വന്തം ബിസിനസിൽ ആത്മാർഥമായി പ്രവർത്തിക്കുകയും വിജയം കൈവരിക്കുകയും ചെയ്യുന്നു. ഇത് അദ്ദേഹത്തിന്റെ ആത്മവിശ്വാസം വർധിപ്പിക്കുകയും ചെയ്യും.

### (v) രൂപീകരണവും അവസാനിപ്പിക്കലും എളുപ്പമാണ് [Ease of formation and closure]:

ഒരു ഏകാംഗ വ്യാപാര സംരംഭം ആരംഭിക്കുവാനും അവസാനിപ്പിക്കുവാനും എളുപ്പമാണ്. ഇത്തരം ബിസിനസ് സംരംഭങ്ങളെ നിയന്ത്രിക്കുന്നതിനായി പ്രത്യേക നിയമങ്ങളൊന്നും നിലവിലില്ലാത്തതിനാൽ നടപടിക്രമങ്ങൾ വളരെ ലളിതവുമാണ്.

## പരിമിതികൾ [Limitations]

മേൽപ്പറഞ്ഞ മേന്മകളെല്ലാം ഒരു ഏകാംഗ വ്യാപാരിക്ക് ഉണ്ടെങ്കിലും ചില പരിമിതികളും ഈ സംരംഭങ്ങൾക്കുണ്ട്. അവ ഏതെല്ലാമെന്ന് പരിശോധിക്കാം.

### (i) പരിമിതമായ വിഭവങ്ങൾ [Limited resources]:

ഏകാംഗ വ്യാപാരിയുടെ മൂലധനം സാധാരണയായി പരിമിതമായിരിക്കും. അദ്ദേഹത്തിന്റെ സ്വകാര്യ സമ്പാദ്യവും മറ്റു വായ്പകളുമാണ് മൂലധന ഉറവിടങ്ങളായി ഉള്ളത്. പരിമിതമായ മൂലധനവുമായി ആരംഭിക്കുന്ന ഒരു സംരംഭം സാധാരണഗതിയിൽ ചെറുകിട സംരംഭമായിരിക്കും. അതിനാൽ ബാങ്കുകളും മറ്റു ധനകാര്യ സ്ഥാപനങ്ങളും വായ്പ നൽകാൻ മടികാണിക്കും. വിഭവ പരിമിതി ഏതൊരു സ്ഥാപനത്തിന്റെയും വളർച്ചയുടെ തോത് കുറയ്ക്കാൻ ഇടയാക്കും.

### (ii) പരിമിതമായ ആയുസ്സ് [Limited life of a business concern] :

ഏകാംഗ വ്യാപാരങ്ങൾക്ക് നിയമപരമായ പ്രത്യേക നിലനിൽപ്പില്ലെന്ന വസ്തുത നമുക്കറിയാം. അതിനാൽ സംരംഭകന്റെ മരണം, മനോരോഗം, പാപ്പരത്തം തുടങ്ങിയവ ബിസിനസിന്റെ ഭാവിയെ ബാധിക്കുകയും അതുവഴി ബിസിനസിന്റെ അടച്ചുപൂട്ടലിന് കാരണമാകുകയും ചെയ്യുന്നു.

### (iii) പരിധിയില്ലാത്ത ബാധ്യത [Unlimited liability]:

ഏതൊരു ഏകാംഗ ബിസിനസ് സംരംഭകന്റെയും ബാധ്യത അക്ലിപ്തമാണ്. ആയതിനാൽ അദ്ദേഹത്തിന്റെ സ്വകാര്യ സമ്പാദ്യം പോലും ബിസിനസിന്റെ ബാധ്യതകൾ തീർക്കുന്നതിനായി ഉപയോഗിക്കേണ്ടി വന്നേക്കാം. ഒരു പ്രത്യേക സാഹചര്യത്തിൽ കൈക്കൊള്ളുന്ന

തീരുമാനം ചിലപ്പോൾ വലിയ നഷ്ടം വരുത്താൻ ഇടയുണ്ട്. അങ്ങനെ വരുമ്പോൾ സ്വകാര്യസ്വത്ത് പോലും നഷ്ടപ്പെടുമെന്ന ചിന്ത സംരംഭകനെ പിന്തിരിപ്പിക്കുകയും തന്മൂലം ബിസിനസിന്റെ വളർച്ചയേയും വികാസത്തേയും ബാധിക്കുകയും ചെയ്യുന്നു.

**(iv) ഭരണ നൈപുണ്യത്തിന്റെ കുറവ് [Limited managerial ability]:**

ഒരു ബിസിനസ് വിജയകരമായി നടത്തണമെങ്കിൽ പലതരത്തിലുള്ള വൈദഗ്ധ്യം ആവശ്യമാണ്. ഉദാഹരണമായി വാങ്ങൽ, വിൽപ്പന, ധനകാര്യ നിർവഹണം തുടങ്ങിയവ. ഈ മേഖലകളിലെല്ലാം ഒരുപോലെ വൈദഗ്ധ്യമുള്ള ഒരാൾ അപൂർവ്വമാകാം. ഒരു വ്യക്തിയെ മാത്രം ആശ്രയിച്ച് നിലകൊള്ളുന്ന ഏകാംഗ വ്യാപാരസ്ഥാപനങ്ങൾക്ക് ഇതൊരു വലിയ പോരായ്മയാണ്. വിദഗ്ധരായ ജീവനക്കാരെ നിയമിച്ച് ഭരണം നടത്താൻ എല്ലാ ഏകാംഗ സംരംഭങ്ങൾക്കും കഴിയണമെന്നില്ല.

മേൽപ്പറഞ്ഞ പരിമിതികൾ നിലവിലുണ്ടെങ്കിലും ഭൂരിഭാഗം ബിസിനസ് സംരംഭങ്ങളും ഏകാംഗ വ്യാപാര സ്ഥാപനങ്ങളായാണ് ആരംഭിക്കാറുള്ളത്. അതിന് പല കാരണങ്ങളുണ്ട്. കുറഞ്ഞ മുതൽമുടക്ക്, ചെറുകിട സംരംഭങ്ങൾക്കുള്ള അനുയോജ്യത, വ്യക്തിപരമായ സേവനം പ്രദാനം ചെയ്യുന്ന സ്ഥാപനങ്ങൾക്കുള്ള പ്രത്യേകതകൾ തുടങ്ങിയവയാണിവ.

## 2.3 ഹിന്ദു കൂട്ടുകുടുംബ ബിസിനസ് [JOINT HINDU FAMILY BUSINESS]

ഏറ്റവും പഴക്കം ചെന്നതും, ഇന്ത്യയിൽ മാത്രം നിലനിന്നു വരുന്നതുമായ ഒരു പ്രത്യേകതരം ബിസിനസ് സംരംഭമാണ് ഹിന്ദു കൂട്ടുകുടുംബ ബിസിനസ്. ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്നത് ഹിന്ദു അവിഭക്ത കുടുംബങ്ങളാണ് (Hindu Undivided Family/ HUF). ഹൈന്ദവ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് ഇവ പ്രവർത്തിക്കുന്നത്. ഈ ബിസിനസിലെ അംഗത്വം പ്രസ്തുത കുടുംബത്തിലെ എല്ലാ പുരുഷ അംഗങ്ങൾക്കും അവകാശപ്പെട്ടതാണ്. കുടുംബത്തിലെ മൂന്ന് തലമുറകൾക്ക് ഈ അവകാശം ലഭ്യമാണ്.

ഈ ബിസിനസിന്റെ നിയന്ത്രണം കുടുംബത്തിലെ ഏറ്റവും മുതിർന്നയാളായ 'കർത്ത' (Karta) യുടെ കൈകളിലാണ്. പരമ്പരാഗത സ്വത്തിൽ കുടുംബത്തിലെ എല്ലാ പുരുഷ അംഗങ്ങൾക്കും തുല്യ അവകാശമാണുള്ളത്. ഈ അംഗങ്ങളെ കൂട്ടവകാശികൾ (കോ-പാർസനേർസ്) എന്ന് വിളിക്കുന്നു.

### സവിശേഷതകൾ [Features]

ഹിന്ദു കൂട്ടുകുടുംബ ബിസിനസിന്റെ പ്രധാന സവിശേഷതകൾ താഴെ ചേർക്കുന്നു:

**(i) രൂപീകരണം [Formation]:** ഇവ രൂപീകരിക്കുന്നതിന് അവിഭക്ത കുടുംബത്തിൽ നിന്നുള്ള രണ്ട് അംഗങ്ങളെങ്കിലും ഉണ്ടാവണം. അംഗത്വം ലഭിക്കുന്നത് ജന്മം കൊണ്ടായതിനാൽ ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നത് ഒരു കരാറിന്റെ അടിസ്ഥാനത്തിലല്ല. 1956 ലെ ഹിന്ദു പിന്തുടർച്ചാവകാശ നിയമപ്രകാരമാണ് ഹിന്ദു അവിഭക്ത കുടുംബ ബിസിനസ് പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്.

**(ii) ബാധ്യത [Liability]:** അംഗങ്ങളുടെ ബാധ്യത പരിമിതമായിരിക്കും. എന്നാൽ കർത്തയുടെ ബാധ്യത പരിധിയില്ലാത്തതാണ്.

**(iii) നിയന്ത്രണം [Control]:** കൂട്ടുകുടുംബ ബിസിനസിന്റെ മുഴുവൻ നിയന്ത്രണവും കർത്തയുടെ കൈകളിലാണ്. തീരുമാനങ്ങൾ എടുക്കുവാനും ബിസിനസ്സിന്റെ ഭരണ നിർവഹണത്തിനുമുള്ള അധികാരം അദ്ദേഹത്തിനാണ്. കർത്തയുടെ തീരുമാനങ്ങൾ മറ്റ് അംഗങ്ങൾക്കും ബാധകമായിരിക്കും.

**(iv) തുടർച്ച [Continuity]:** കർത്തയുടെ മരണം ബിസിനസിന്റെ നിലനിൽപ്പിനെ ബാധിക്കുന്നില്ല. അടുത്ത തലമുതിർന്ന അംഗം ബിസിനസിന്റെ ഭരണം ഏറ്റെടുക്കുകയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ചെയ്യും. എന്നിരുന്നാലും എല്ലാ അംഗങ്ങളുടെയും പരസ്പര സമ്മതത്തോടെ ആവശ്യമെങ്കിൽ ബിസിനസ് അവസാനിപ്പിക്കാവുന്നതാണ്.

**(v) പ്രായപൂർത്തിയാവാത്ത അംഗങ്ങൾ [Minor Members]:**

ബിസിനസിലെ അംഗത്വം ജന്മം കൊണ്ട് ലഭിക്കുന്നതിനാൽ പ്രായപൂർത്തിയാവാത്ത അംഗങ്ങൾ ഉണ്ടാവുക സാധാരണമാണ്.

## ഗുണങ്ങൾ [Merits]

കൂട്ടുകുടുംബ ബിസിനസിന്റെ മേന്മകൾ താഴെ സൂചിപ്പിക്കുന്നു:

**(i) കാര്യക്ഷമമായ നിയന്ത്രണം [Effective control]:**

തീരുമാനങ്ങൾ കൈക്കൊള്ളുവാനുള്ള അധികാരം കർത്തയ്ക്ക് ആയതിനാൽ സത്വരവും ഫലപ്രദവുമായ തീരുമാനങ്ങൾ ഉണ്ടാകുന്നതോടൊപ്പം മറ്റ് അംഗങ്ങളുടെ അനാവശ്യ ഇടപെടലുകൾക്കോ തർക്കങ്ങൾക്കോ സാധ്യതയില്ല.

**(ii) ബിസിനസ്സിന്റെ തുടർച്ചയായ നിലനിൽപ്പ് [Continued business existence]:**

കർത്തയുടെ മരണമോ മാനസിക രോഗമോ പാപ്പരത്തമോ ബിസിനസിന്റെ നിലനിൽപ്പിനെ ബാധിക്കുന്നില്ല. ഇത്തരം സാഹചര്യങ്ങളിൽ അടുത്ത മുതിർന്ന അംഗം ബിസിനസിന്റെ ചുമതല ഏറ്റെടുത്തു കൊള്ളും.

**(iii) അംഗങ്ങളുടെ ബാധ്യത പരിമിതമാണ് [Limited liability of members]:**

കർത്ത ഒഴികെയുള്ള മറ്റെല്ലാ അംഗങ്ങളുടെയും ബാധ്യത പരിമിതമാണ്. ഓരോരുത്തർക്കും അവരവരുടെ ഓഹരിക്കനുപാതമായ ബാധ്യത മാത്രമേയുള്ളൂ. അംഗങ്ങൾ സ്വന്തമായി ആർജ്ജിച്ച സ്വത്തുവകകൾ ബിസിനസിന്റെ കടങ്ങൾ തീർക്കുന്നതിനായി വിട്ടുനൽകേണ്ടതില്ല.

**(iv) ഉയർന്ന തോതിലുള്ള വിശ്വാസ്യതയും സഹകരണവും [Increased loyalty and cooperation]:** ഒരു കുടുംബത്തിലെ അംഗങ്ങൾ ചേർന്ന് നടത്തുന്ന ബിസിനസ് ആയതുകൊണ്ടുതന്നെ പരസ്പര വിശ്വാസവും സഹകരണവും ഇതിന്റെ മുഖമുദ്രയാണ്. ബിസിനസിന്റെ വളർച്ചയും വികാസവും കുടുംബത്തിന്റെ സൽപ്പേര് കൂടി ഉയർത്തുമെന്നതിനാൽ എല്ലാ അംഗങ്ങളും ആത്മാർഥമായി സഹകരിക്കുവാനിടയുണ്ട്.

## പരിമിതികൾ [Limitations]

കൂട്ടുകുടുംബ ബിസിനസുകളുടെ പ്രധാന പോരായ്മകൾ ചുവടെ പറയുന്നു:

**ഹിന്ദു കൂട്ടുകുടുംബ വ്യവസ്ഥയിലെ ലിംഗസമത്വം ഒരു യഥാർഥ്യം**
**(Gender Equality in the Joint Hindu Family a Reality)**

ഹിന്ദു പിൻതുടർച്ചാവകാശ നിയമം (ഭേദഗതി) 2005 പ്രകാരം ഒരു ഹിന്ദുകുടുംബത്തിൽ ജനിക്കുന്ന പെൺകുട്ടികൾ പ്രസ്തുത കുടുംബം നടത്തുന്ന ബിസിനസിലും കോ–പാർസനറാണ്. കുടുംബസ്വത്ത് ഭാഗം വെയ്ക്കുമ്പോൾ ആൺ പെൺ വ്യത്യാസമില്ലാതെ എല്ലാവർക്കും തുല്യ അവകാശമാണുള്ളത്. കുടുംബത്തിലെ ഏറ്റവും മുതിർന്ന സ്ത്രീയോ പുരുഷനോ ആയിരിക്കും 'കർത്ത'. വിവാഹിതരായ പെൺമക്കൾക്കും കുടുംബസ്വത്തിൽ തുല്യ അവകാശമാണുള്ളത്.

**(i) വിഭവങ്ങളുടെ അപര്യാപ്തത [Limited resources]:**

പാരമ്പര്യ സ്വത്തിനെ മാത്രം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായതിനാൽ മൂലധന സമാഹരണം ഒരു വലിയ പ്രശ്നം തന്നെയാണ്. കൂട്ടുകുടുംബ ബിസിനസുകൾക്കുള്ള ഈ പരിമിതി, ബിസിനസ്സിന്റെ വളർച്ചയെയും വികാസത്തെയും സാരമായി ബാധിക്കാനിടയുണ്ട്.

**(ii) കർത്തയുടെ പരിധിയില്ലാത്ത ബാധ്യത [Unlimited liability of *karta*]:**

കർത്തയ്ക്ക് തീരുമാനങ്ങൾ എടുക്കേണ്ടതിന്റെയും കാര്യനിർവഹണത്തിന്റേയും ഉത്തരവാദിത്വം മാത്രമല്ല, ബിസിനസിന്റെ എല്ലാ ബാധ്യതകളും കൂടി ഏറ്റെടുക്കേണ്ടി വരുന്നു. അദ്ദേഹത്തിന്റെ സ്വകാര്യ സ്വത്ത് പോലും ബിസിനസ്സിനുണ്ടാകുന്ന ബാധ്യതകൾ തീർക്കുന്നതിനു വേണ്ടി ഉപയോഗിക്കേണ്ടി വരുമെന്നത് ഇത്തരം ബിസിനസ്സുകളുടെ ഒരു പോരായ്മയാണ്.

**(iii) കർത്തയുടെ ആധിപത്യം [Dominance of *karta*]:**

കൂട്ടുകുടുംബ ബിസിനസ്സിൽ തീരുമാനമെടുക്കുന്നതിലും കാര്യങ്ങൾ നടപ്പിലാക്കുന്നതിലും ആധിപത്യം കർത്തയ്ക്കാണ്. ഇത് മറ്റ് അംഗങ്ങളെ പലപ്പോഴും അലോസരപ്പെടുത്തിയേക്കാം. തന്മൂലം അംഗങ്ങൾ തമ്മിലുള്ള സംഘർഷത്തിനും കുടുംബത്തിന്റെ തകർച്ചയ്ക്കും കാരണമാകും.

**(iv) ഭരണ നൈപുണ്യത്തിലെ പോരായ്മ [Limited managerial skills]:**

കർത്ത വേണ്ടത്ര ഭരണ നൈപുണ്യമുള്ളയാളല്ലെങ്കിൽ പലപ്പോഴും തെറ്റായ തീരുമാനങ്ങൾ എടുക്കുവാനും അത് ബിസിനസിന്റെ തകർച്ചയ്ക്ക് കാരണമാകുവാനും ഇടയുണ്ട്. ഇത്തരം തെറ്റായ തീരുമാനങ്ങൾ ഒരുപക്ഷേ ബിസിനസ്സിന്റെ ലാഭം കുറയ്ക്കുവാനോ നഷ്ടത്തിൽ കലാശിക്കുവാനോ കാരണമായേക്കാം.

കൂട്ടുകുടുംബ ബിസിനസുകളുടെ എണ്ണം ഇന്ത്യയിൽ ഇന്ന് വളരെയധികം കുറഞ്ഞു കൊണ്ടിരിക്കുകയാണ് എന്നതാണ് വസ്തുത. ഇത്തരം വ്യവസ്ഥിതിയിൽ ഉള്ള കുടുംബങ്ങളുടെ എണ്ണം കുറഞ്ഞു കൊണ്ടിരിക്കുകയാണ് എന്നതാണ് ഇതിന് പ്രധാന കാരണം.

## 2.4 പങ്കാളിത്ത ബിസിനസ് [PARTNERSHIP]

1932 ലെ ഇന്ത്യൻ പങ്കാളിത്ത നിയമമനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനമാണ് പങ്കാളിത്ത ബിസിനസ്. മൂലധനസമാഹരണത്തിൽ ഏകാംഗ വ്യാപാരസ്ഥാപനങ്ങളും കൂട്ടുകുടുംബ ബിസിനസുകളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിന് വേണ്ടിയാണ് പങ്കാളിത്ത ബിസിനസ് സംരംഭങ്ങൾ രൂപം കൊണ്ടത്. ഇത്തരം ബിസിനസ് സംരംഭങ്ങളിൽ രണ്ടോ അതിലധികമോ വ്യക്തികൾ തങ്ങളുടെ മൂലധനശേഷിയും വൈദഗ്ധ്യവും ഉപയോഗിച്ച് ബിസിനസ് നടത്തുന്നു. ഇതിലെ അംഗങ്ങളെ പങ്കാളികൾ (Partners) എന്നും അവർ രൂപീകരിച്ച ബിസിനസ് സ്ഥാപനത്തെ പങ്കാളിത്ത സ്ഥാപനം (Firm) എന്നും വിളിക്കുന്നു.

1932 ലെ ഇന്ത്യൻ പങ്കാളിത്ത നിയമം, പങ്കാളിത്ത ബിസിനസ്സിനെ നിർവചിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമാണ്. 'ലാഭം പങ്കിട്ടെടുക്കുന്നതിനുവേണ്ടി, രണ്ടോ അതിലധികമോ വ്യക്തികൾ ചേർന്ന്, ഒരു ധാരണയുടെ അടിസ്ഥാനത്തിൽ, എല്ലാവരും കൂടി ചേർന്നോ അല്ലെങ്കിൽ മറ്റുള്ളവർക്കുവേണ്ടി അവരിലാരെങ്കിലുമോ നടത്തുന്ന ബിസിനസ്' സംരംഭത്തെ പങ്കാളിത്ത ബിസിനസ് എന്നു പറയുന്നു.

### സവിശേഷതകൾ [Features]

**(i) രൂപീകരണം [Formation]:** 1932 ലെ ഇന്ത്യൻ പങ്കാളിത്ത നിയമമനുസരിച്ച് ഒരു കരാറിന്റെ അടിസ്ഥാനത്തിലാണ് പങ്കാളിത്ത ബിസിനസ് സംരംഭങ്ങൾ രൂപീകരിക്കുന്നത്. ഈ കരാറിൽ പങ്കാളികളുടെ അവകാശങ്ങളും

ചുമതലകളും ലാഭനഷ്ടങ്ങളുടെ പങ്കിടൽ തുടങ്ങിയവ പരാമർശിച്ചിട്ടുണ്ടാകും. കൂടാതെ ഇത്തരം സംരംഭങ്ങൾ നിയമാനുസൃതമായ ബിസിനസ്സ് ചെയ്യുന്നവയും ലാഭം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയും കൂടിയാവണം. ഉദാഹരണമായി രണ്ടോ അതിലധികമോ ആളുകൾ ചേർന്ന് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ഒരു സ്ഥാപനം പങ്കാളിത്ത ബിസിനസായി കണക്കാക്കുന്നില്ല.

**(ii) ബാധ്യത [Liability]:** പങ്കാളികളുടെ ബാധ്യത പരിധിയില്ലാത്തതാണ്. സ്ഥാപനത്തിന് എന്തു ബാദ്ധ്യത ഉണ്ടായാലും അംഗങ്ങൾ ഒറ്റയ്ക്കോ കൂട്ടായോ അത് കൊടുത്തു തീർക്കാൻ ബാധ്യസ്ഥരാണ്. ബിസിനസിലെ ആസ്തികൾ കൊണ്ട് ബാധ്യതകൾ തീർക്കാൻ കഴിയാതെവന്നാൽ പങ്കാളികളുടെ സ്വകാര്യസ്വത്തുക്കൾ പോലും അതിനായി ഉപയോഗപ്പെടുത്തേണ്ടതാണ്. ഇങ്ങനെയുണ്ടാകുന്ന അധിക ബാധ്യതകൾ ഓരോ പങ്കാളിയും സാധാരണയായി അവരവരുടെ ലാഭവിഹിതത്തിന്റെ അടിസ്ഥാനത്തിലാണ് സഹിക്കേണ്ടത്.

**(iii) നഷ്ടം സഹിക്കൽ [Risk bearing]:** ഒരു പങ്കാളിത്ത സ്ഥാപനത്തിൽ ഉണ്ടാകുന്ന നഷ്ടസാധ്യത എല്ലാ അംഗങ്ങളും നേരിടേണ്ടതുണ്ട്. കരാറനുസരിച്ചുള്ള അനുപാതത്തിൽ എല്ലാ പങ്കാളികൾക്കും പരസ്പരം ലാഭം പങ്കിടാം. നഷ്ടം സംഭവിച്ചാലും ഇതേ അനുപാതത്തിൽ തന്നെയാണ് ഏറ്റെടുക്കേണ്ടത്.

**(iv) തീരുമാനമെടുക്കലും നിയന്ത്രണവും [Decision making and control]:** ഒരു പങ്കാളിത്ത സ്ഥാപനത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും തീരുമാനങ്ങളെടുക്കുന്നതും പങ്കാളികൾ പരസ്പരധാരണയോടെ ആയിരിക്കും.

**(v) തുടർച്ച [Continuity]:** ഏതെങ്കിലുമൊരു പങ്കാളിയുടെ മരണം, മനോരോഗം, പാപ്പരത്തം എന്നിവ പങ്കാളിത്ത ബിസിനസ്സിന്റെ നിലനിൽപ്പിനെ ബാധിക്കാനിടയുണ്ട്. എന്നാൽ ഇത്തരം സാഹചര്യങ്ങളിൽ ഒരു പുതിയ കരാർ പ്രകാരം താൽപ്പര്യമുണ്ടെങ്കിൽ മറ്റ് പങ്കാളികൾക്ക് ബിസിനസ് തുടർന്ന് നടത്താവുന്നതാണ്.

**(vi) അംഗങ്ങളുടെ എണ്ണം [Number of partners]:** ഒരു പങ്കാളിത്ത ബിസിനസ് സ്ഥാപനം തുടങ്ങണമെങ്കിൽ കുറഞ്ഞത് രണ്ട് പേരെങ്കിലുമുണ്ടായിരിക്കണം. 2013 ലെ കമ്പനി നിയമം സെക്ഷൻ 464 പ്രകാരം ഒരു പങ്കാളിത്തസ്ഥാപനത്തിലെ പരമാവധി അംഗങ്ങളുടെ എണ്ണം 100 ആയി നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും, സർക്കാർ തീരുമാനത്തിന് വിധേയമായി മാറ്റം വരുത്താവുന്നതാണ്. 2014ലെ കമ്പനി നിയമത്തിലെ ഭേദഗതി റൂൾ 10 പ്രകാരം ഇപ്പോൾ പങ്കാളിത്ത സ്ഥാപനങ്ങളിലെ പരമാവധി അംഗങ്ങളുടെ എണ്ണം 50 മാത്രമാണ്.

**(vii) പരസ്പര പ്രാതിനിധ്യം [Mutual agency]:** പങ്കാളിത്ത ബിസിനസ്സിന്റെ നിർവചനത്തിൽ പ്രതിപാദിച്ചതുപോലെ ഈ ബിസിനസ് സംരംഭം ഒന്നുകിൽ എല്ലാവരും കൂടിയോ അല്ലെങ്കിൽ മറ്റുള്ളവർക്കു വേണ്ടി അവരിലാരെങ്കിലുമോ നടത്തുന്നതാണ്.

ലാഭസമ്പാദനത്തിനായി ഒന്നിലധികം ആളുകൾ ഒരു ഉടമ്പടിയുടെ അടിസ്ഥാനത്തിൽ നിയമപരമായ ഒരു ബിസിനസ് സംരംഭം നടത്തുന്നതിനെ പങ്കാളിത്ത ബിസിനസ് എന്നു വിളിക്കുന്നു.

എൽ. എച്ച്. ഹാനെ

ഒന്നിലധികം പേർ ചേർന്ന് ഒരു കരാറിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ ആസ്തികളും മനുഷ്യ ശേഷിയും നൈപുണികളും ഒരു ബിസിനസിനു വേണ്ടി നൽകുകയും അതിൽ നിന്നുണ്ടാകുന്ന ലാഭം വീതം വയ്ക്കുകയും ചെയ്യുന്നതിനെ പങ്കാളിത്ത ബിസിനസ് എന്നു പറയുന്നു.

ഇന്ത്യൻ കരാർ നിയമം 1872

ആയതിനാൽ ഓരോ പങ്കാളിയും മറ്റ് പങ്കാളികളുടെ പ്രതിനിധിയായും മേധാവിയായും പ്രവർത്തിക്കേണ്ടിവരും. അതായത് ഓരോ പങ്കാളിയുടെയും പ്രവർത്തനം മറ്റു പങ്കാളികളെയും ബാധിക്കുന്നുവെന്നർത്ഥം.

## ഗുണങ്ങൾ [Merits]

ഒരു പങ്കാളിത്ത ബിസിനസിന്റെ പ്രധാനപ്പെട്ട ഗുണങ്ങൾ താഴെ വിവരിക്കുന്നു:

**(i) രൂപീകരിക്കുവാനും അടച്ചുപൂട്ടുവാനും എളുപ്പമാണ്**
**[Ease of formation and closure]:**

ഒരു പങ്കാളിത്ത സ്ഥാപനം രൂപീകരിക്കുവാനും അടച്ചുപൂട്ടാനും വളരെ ലളിതമായ നടപടിക്രമങ്ങൾ മാത്രമേയുള്ളൂ. പങ്കാളികളാകാൻ ഉദ്ദേശിക്കുന്നവർ തമ്മിൽ ഒരു കരാർ തയ്യാറാക്കി അംഗീകരിച്ചാൽ ബിസിനസ് രൂപീകരിക്കാം. പരസ്പര ധാരണകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ബിസിനസ് ഭാവിയിൽ എപ്പോൾ വേണമെങ്കിലും അവസാനിപ്പിക്കുകയും ചെയ്യാം. പങ്കാളിത്ത നിയമപ്രകാരം ബിസിനസ് സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമില്ല.

**(ii) മെച്ചപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളാൻ സാധിക്കുന്നു**
**[Balanced decision making]:**

ബിസിനസിൽ തീരുമാനങ്ങളെടുക്കുമ്പോൾ പങ്കാളികൾ പരസ്പരം ചർച്ച ചെയ്യുകയും വിശകലനം നടത്തുകയും ചെയ്യുന്നതിനാൽ കൂടുതൽ മെച്ചപ്പെട്ട തീരുമാനങ്ങൾ നടപ്പിൽ വരുത്താൻ കഴിയുന്നു.

**(iii) കൂടുതൽ ധനം [More funds]:** ഒരു പങ്കാളിത്ത ബിസിനസിൽ ഒന്നിൽ കൂടുതൽ പങ്കാളികൾ ഉള്ളതിനാൽ കൂടുതൽ മൂലധന സമാഹരണം സാധ്യമാകുന്നു. കൂടാതെ ബിസിനസിന്റെ വികാസത്തിന് കൂടുതൽ മൂലധനം ആവശ്യമുള്ളപ്പോൾ പുതിയ പങ്കാളികളെ ചേർത്ത് ആവശ്യമായ ധനം സമാഹരിക്കാം.

**(iv) നഷ്ടസാധ്യത പങ്കിടൽ**
**[Sharing of risks]:**

പങ്കാളിത്ത ബിസിനസ് സംരംഭങ്ങളിൽ ഉണ്ടാകുന്ന നഷ്ടസാധ്യതകൾ എല്ലാ പങ്കാളികളും ഒരുമിച്ച് നിന്നാണ് നേരിടുന്നത്. ആയതിനാൽ ഓരോ പങ്കാളിക്കും അധിക ബാധ്യതയോ തന്മൂലമുള്ള മാനസിക പിരിമുറുക്കമോ ഉണ്ടാവുന്നില്ല.

**(v) രഹസ്യം [Secrecy]:** നിയമപ്രകാരം ഒരു പങ്കാളിത്ത ബിസിനസ് സംരംഭം അവരുടെ വാർഷിക കണക്കുകൾ പൊതുജനത്തിന്റെ മുമ്പിൽ പ്രസിദ്ധപ്പെടുത്തേണ്ടതില്ല. മാത്രമല്ല, വളരെക്കുറച്ച് അംഗങ്ങളേയുള്ളുവെന്നതിനാൽ ബിസിനസിന്റെ രഹസ്യ സ്വഭാവം നിലനിർത്താനും സാധിക്കുന്നു.

## പരിമിതികൾ [Limitations]

ഒരു പങ്കാളിത്ത ബിസിനസ് സംരംഭത്തിന്റെ പരിമിതികൾ താഴെ പറയുന്നു.

**(i) പരിധിയില്ലാത്ത ബാധ്യത**
**[Unlimited liability]:**

പങ്കാളികളുടെ അക്ലിപ്ത ബാധ്യതയാണ് അംഗങ്ങളുടെ ഏറ്റവും വലിയ പരിമിതി. പങ്കാളിത്ത ബിസിനസ് സ്ഥാപനത്തിലെ മുഴുവൻ ബാധ്യതയും എല്ലാ പങ്കാളികളും ഒറ്റയ്ക്കും കൂട്ടായും ഏറ്റെടുക്കേണ്ടി വരുന്നു എന്നു മാത്രമല്ല, അവരുടെ സ്വകാര്യസ്വത്ത് പോലും ഇതിനായി വിനിയോഗിക്കേണ്ടി വന്നേക്കാം.

**(ii) പരിമിത വിഭവങ്ങൾ [Limited resources]:** പങ്കാളികളുടെ എണ്ണത്തിൽ പരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ വിഭവസമാഹരണം ഒരു പരിധി വരെ മാത്രമേ സാദ്ധ്യമാകൂ. ആയതിനാൽ വൻകിട സംരംഭങ്ങൾ ഏറ്റെടുത്ത് നടത്താൻ ഇത്തരം സ്ഥാപനങ്ങൾക്ക് കഴിയാറില്ല.

**(iii) തർക്കസാധ്യത**
**[Possibility of conflicts]:**

തീരുമാനങ്ങളെടുക്കുമ്പോൾ എല്ലാവരുടെയും അഭിപ്രായങ്ങൾ ആരായേണ്ടത് അത്യാവശ്യമാ

യതിനാൽ വിവിധതരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങൾ സ്വാഭാവികമാണ്. എന്നുമാത്രമല്ല ഏതെങ്കിലുമൊരു പങ്കാളിയുടെ അപക്വമായ തീരുമാനങ്ങൾ മറ്റു പങ്കാളികൾക്കും ധനനഷ്ടം വരുത്തിവയ്ക്കാൻ ഇടയുണ്ട്. ഇത് തർക്കത്തിൽ കലാശിക്കാൻ കാരണമാകുന്നു.

**(iv) സുസ്ഥിരമായ നിലനിൽപ്പില്ലായ്മ [Lack of continuity]:**

പങ്കാളിയുടെ ബിസിനസിൽ നിന്നുള്ള വിരമിക്കൽ, മരണം, പാപ്പരത്തം, മനോരോഗം തുടങ്ങിയവ ഒരു പങ്കാളിത്ത ബിസിനസിന്റെ നിലനിൽപ്പിനെ ബാധിക്കുന്നു. എന്നിരുന്നാലും മറ്റു പങ്കാളികൾക്ക് താൽപ്പര്യമുണ്ടെങ്കിൽ പുതിയ കരാറിന്റെ അടിസ്ഥാനത്തിൽ ഈ ബിസിനസ് ഏറ്റെടുത്ത് തുടർന്ന് നടത്താവുന്നതാണ്.

**(v) പൊതുജനങ്ങൾക്കുള്ള വിശ്വാസക്കുറവ് [Lack of public confidence]:**

പങ്കാളിത്ത സ്ഥാപനങ്ങൾ അവരുടെ സാമ്പത്തിക വിവരങ്ങൾ പ്രസിദ്ധപ്പെടുത്തണമെന്ന് ഒരു നിയമവും അനുശാസിക്കുന്നില്ല. ഇക്കാരണത്താൽ പൊതുജനത്തിന് പങ്കാളിത്ത സ്ഥാപനത്തിന്റെ യഥാർത്ഥ സാമ്പത്തിക അവസ്ഥ മനസ്സിലാക്കാൻ കഴിയുന്നില്ല. ഈ അവസ്ഥ പൊതുജനത്തിന് പങ്കാളിത്ത സ്ഥാപനങ്ങളോടുള്ള വിശ്വാസം കുറയാൻ കാരണമാകുന്നു.

## 2.4.1 വിവിധ തരം പങ്കാളികൾ [Types of Partners]

പങ്കാളിത്ത കരാറിന്റെ സ്വഭാവമനുസരിച്ചും ബിസിനസിലുള്ള താൽപ്പര്യമനുസരിച്ചും പങ്കാളികളെ പലതരത്തിൽ വിഭജിക്കാം:

**(i) സജീവ പങ്കാളി [Active partner]:** ബിസിനസിന് ആവശ്യമായ മൂലധനം കൊണ്ടുവരികയും ദൈനംദിന ബിസിനസ് കാര്യങ്ങളിൽ സജീവമായി ഇടപെടുകയും ചെയ്യുന്ന പങ്കാളിയെ സജീവ പങ്കാളി എന്ന് വിളിക്കാം. ഇത്തരം പങ്കാളികൾ സാധാരണയായി ബിസിനസിന്റെ നടത്തിപ്പ് കാര്യങ്ങളിൽ സജീവമായി ഇടപെടുകയും ലാഭനഷ്ടങ്ങൾ പങ്കിട്ടെടുക്കുകയും ചെയ്യാറുണ്ട്. അതുപോലെ തന്നെ ബിസിനസിനുള്ള ബാധ്യത ഇവരുടെ ഉത്തരവാദിത്വമാണ്. യഥാർത്ഥത്തിൽ ഇത്തരം പങ്കാളികളാണ് ഒരു പങ്കാളിത്ത ബിസിനസിന്റെ അടിസ്ഥാനം. പ്രവർത്തന പങ്കാളി (working partner), നടത്തിപ്പ് പങ്കാളി (managing partner) എന്നീ പേരുകളിലും ഇവർ അറിയപ്പെടുന്നു.

**(ii) സുഷുപ്ത പങ്കാളി [Sleeping or Dormant Partner]:** ദൈനംദിന ബിസിനസ് പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കുന്നയാളാണ് സുഷുപ്ത പങ്കാളി എന്നറിയപ്പെടുന്നത്. എങ്കിലും ഇദ്ദേഹം ആവശ്യമായ മൂലധനം കൊണ്ടുവരികയും ലാഭനഷ്ടങ്ങളിൽ പങ്കാളിയാവുകയും ചെയ്യുന്നതോടൊപ്പം അക്ലിപ്ത ബാധ്യതയ്ക്ക് ഉത്തരവാദിയും ആണ്. ഇവരെ നിഷ്ക്രിയ പങ്കാളികൾ (Dormant Partner) എന്നും വിശേഷിപ്പിക്കാറുണ്ട്.

**(iii) രഹസ്യ പങ്കാളി [Secret partner]:** മറ്റു കാര്യങ്ങളിലെല്ലാം സജീവ പങ്കാളിയെപ്പോലെയാണെങ്കിലും പൊതുജനങ്ങൾക്ക് ഇയാളുടെ സാന്നിധ്യം അജ്ഞാതമായിരിക്കും. അദ്ദേഹവും ബിസിനസിൽ മുതൽ മുടക്കുകയും ലാഭ നഷ്ടങ്ങളിൽ ഭാഗഭാക്കാവുകയും പരിധിയില്ലാത്ത ബാധ്യതയ്ക്ക് ഉത്തരവാദിയാവുകയും ചെയ്യുന്നു.

**(iv) നാമമാത്ര പങ്കാളി [Nominal partner]:** ബിസിനസ് സ്ഥാപനത്തിന്റെ ഗുണത്തിനായി ഒരാളുടെ പേരും പ്രശസ്തിയും ഉപയോഗപ്പെടുത്തുന്നതിനാണ് ഇത്തരം പങ്കാളികളെ ഉൾപ്പെടുത്താറുള്ളത്. എന്നാൽ ഇദ്ദേഹം മുതൽ മുടക്കുകയോ, ബിസിനസ് കാര്യങ്ങളിൽ ഇടപെടുകയോ ചെയ്യുന്നില്ല. ഇദ്ദേഹത്തിന് ലാഭവിഹിതത്തിന് അർഹതയില്ലെങ്കിലും സ്ഥാപനത്തിന്റെ ബാധ്യതകൾക്ക് ഉത്തരവാദിയായിരിക്കും.

**(v) സ്വയം പ്രഖ്യാപിത പങ്കാളി [Partner by estoppel]:** ഒരാൾ തന്റെ പ്രവൃത്തി കൊണ്ടോ

**പട്ടിക 2.1 വിവിധ തരം പങ്കാളികൾ (Types of partners)**

| തരം | മൂലധനനിക്ഷേപം | കാര്യനിർവഹണം | ലാഭനഷ്ടം പങ്കിടൽ | ബാധ്യത |
|---|---|---|---|---|
| സജീവ പങ്കാളി | മൂലധനം മുടക്കുന്നു | കൃത്യനിർവഹണത്തിൽ പങ്കാളിയാണ് | പങ്കിടുന്നു | പരിധിയില്ല |
| സുഷുപ്ത പങ്കാളി | മൂലധനം മുടക്കുന്നു | കൃത്യനിർവഹണത്തിൽ പങ്കാളിയല്ല | പങ്കിടുന്നു | പരിധിയില്ല |
| ഗുപ്ത (രഹസ്യ) പങ്കാളി | മൂലധനം മുടക്കുന്നു | കൃത്യനിർവഹണത്തിൽ രഹസ്യമായി പങ്കാളിയാണ് | പങ്കിടുന്നു | പരിധിയില്ല |
| നാമമാത്ര പങ്കാളി | മൂലധനം മുടക്കുന്നില്ല | കൃത്യനിർവഹണത്തിൽ പങ്കാളിയല്ല | സാധാരണയായി പങ്കിടുന്നില്ല | പരിധിയില്ല |
| പ്രതീതി പങ്കാളി | മൂലധനം മുടക്കുന്നില്ല | കൃത്യനിർവഹണത്തിൽ പങ്കാളിയല്ല | പങ്കിടുന്നില്ല | പരിധിയില്ല |
| പ്രഖ്യാപിത പങ്കാളി | മൂലധനം മുടക്കുന്നില്ല | കൃത്യനിർവഹണത്തിൽ പങ്കാളിയല്ല | പങ്കിടുന്നില്ല | പരിധിയില്ല |

വാക്കുകൾ കൊണ്ടോ മറ്റുള്ളവരെ താൻ ഒരു സ്ഥാപനത്തിന്റെ പങ്കാളിയാണെന്ന് തെറ്റിദ്ധരിപ്പിക്കുകയാണെങ്കിൽ അത്തരം വ്യക്തിയെ അനിഷേധ്യ പങ്കാളിയെന്ന് വിശേഷിപ്പിക്കാം. അദ്ദേഹം മൂലധനം ഇറക്കുകയോ, ബിസിനസ് കാര്യനിർവ്വഹണത്തിൽ പങ്കെടുക്കുകയോ ചെയ്യുന്നില്ല. ലാഭനഷ്ടം പങ്കിടുന്നില്ല. എങ്കിലും സ്ഥാപനത്തിന്റെ ബാധ്യതകൾക്ക് ഉത്തരവാദിയായിരിക്കും. കാരണം പൊതുജനങ്ങളുടെ മുമ്പിൽ ഇദ്ദേഹവും പ്രസ്തുത ബിസിനസിന്റെ പങ്കാളിയാണ്.

### (vi) പരപ്രഖ്യാപിത പങ്കാളി [Partner by holding out]:

ഒരു വ്യക്തി, ഒരു പങ്കാളിത്ത സ്ഥാപനത്തിലെ പങ്കാളിയാണെന്ന് മറ്റുള്ളവർ പ്രഖ്യാപിക്കുകയും പ്രസ്തുത വിവരം അദ്ദേഹം അറിഞ്ഞിട്ടും നിഷേധിക്കാതിരിക്കുകയും ചെയ്താൽ അദ്ദേഹത്തെ പ്രഖ്യാപിത പങ്കാളിയെന്ന് വിളിക്കാം. ഇയാളും ബിസിനസ്സിൽ പങ്കെടുക്കുകയോ മുതൽമുടക്കുകയോ ലാഭനഷ്ടങ്ങൾ പങ്കിടുകയോ ചെയ്യുന്നില്ലെങ്കിലും സ്ഥാപനത്തിന്റെ ബാധ്യതകൾ തീർക്കുന്നതിന് ഉത്തരവാദിയാണ്.

### 2.4.2 വിവിധതരം പങ്കാളിത്തങ്ങൾ [Types of Partnerships]

പങ്കാളിത്ത ബിസിനസിന്റെ കാലയളവിനെ അടിസ്ഥാനമാക്കി പങ്കാളിത്തത്തെ രണ്ടായി തിരിക്കാം.

i) യഥേഷ്ട പങ്കാളിത്തം (Partne-rship at will)
ii) നിശ്ചിത പങ്കാളിത്തം (Particular partne-rship)

പങ്കാളികളുടെ ബാധ്യതയുടെ അടിസ്ഥാനത്തിലും പങ്കാളിത്ത ബിസിനസ്സിനെ രണ്ടായി തരംതിരിക്കാം.

i) സാധാരണ പങ്കാളിത്തം (General partnership)

**പ്രായപൂർത്തിയാകാത്ത പങ്കാളി (Minor partner)**

പങ്കാളിത്ത ബിസിനസ് ആരംഭിക്കുന്നത് ഒരു കരാറിന്റെ അടിസ്ഥാനത്തിലാണ് എന്ന വസ്തുത നമുക്ക് അറിവുള്ളതാണല്ലോ. എന്നാൽ പ്രായപൂർത്തിയാകാത്ത ഒരാൾക്ക് കരാറിലേർപ്പെടാൻ നിയമപരമായി അവകാശമില്ലെങ്കിലും ബിസിനസിന്റെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് വേണ്ടി മറ്റ് പങ്കാളികളുടെ സമ്മതത്തോടെ അയാളെ ബിസിനസ്സിൽ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരം സാഹചര്യങ്ങളിൽ അദ്ദേഹത്തിന്റെ ബാധ്യത തന്റെ മുതൽമുടക്കിന് തുല്യമായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

ഒരു മൈനർ പങ്കാളിക്ക് ബിസിനസിന്റെ കാര്യനിർവ്വഹണത്തിൽ പങ്കെടുക്കാനാവില്ല. ലാഭം പങ്കിടാൻ അവകാശമുണ്ടെങ്കിലും നഷ്ടം സഹിക്കുവാൻ അദ്ദേഹത്തോട് ആവശ്യപ്പെടാൻ കഴിയില്ല. അദ്ദേഹത്തിന്റെ താൽപര്യപ്രകാരം ആവശ്യമെങ്കിൽ കണക്കുകൾ പരിശോധിക്കാൻ അവകാശമുണ്ട്. പ്രായപൂർത്തിയാകുന്നതോടെ അദ്ദേഹം ഒരു സാധാരണ പങ്കാളിയുടെ പദവിയിലേക്ക് ഉയരുന്നു. ഇത്തരം ഒരു പങ്കാളിക്ക് പ്രായ പൂർത്തിയാകുമ്പോൾ, സ്ഥാപനത്തിൽ പങ്കാളിയായി തുടരുവാൻ ആഗ്രഹിക്കുന്നുണ്ടോ എന്ന് തീരുമാനിക്കേണ്ടതുണ്ട്. ഇതിനായി പ്രായപൂർത്തിയായി ആറുമാസത്തിനുള്ളിൽ അയാൾ തന്റെ തീരുമാനത്തെക്കുറിച്ച് ഒരു പൊതു അറിയിപ്പ് നൽകണം. യഥാസമയം അറിയിപ്പ് നൽകുന്നതിൽ പരാജയപ്പെട്ടാൽ അയാളെ ഒരു പൂർണ്ണപങ്കാളിയായി കണക്കാക്കുകയും മറ്റ് സജീവ പങ്കാളികളെപ്പോലെ തന്നെ കമ്പനിയുടെ കടങ്ങൾക്ക് പരിധിയില്ലാതെ ബാധ്യസ്ഥനായിത്തീരുകയും ചെയ്യും.

ii) ക്ലിപ്ത പങ്കാളിത്തം (Limited partnership)

ഇവയെക്കുറിച്ച് താഴെ വിശദീകരിക്കുന്നു.

**കാലയളവിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ (Classification on the basis of duration):**

**(i) യഥേഷ്ഠ പങ്കാളിത്തം [Partnership at will]:**

പങ്കാളിത്ത കരാറിൽ ബിസിനസിന്റെ കാലാവധി കൃത്യമായി പറഞ്ഞിട്ടില്ലെങ്കിൽ അത്തരം പങ്കാളിത്തത്തെ യഥേഷ്ഠ പങ്കാളിത്തം എന്നു വിളിക്കുന്നു. ഇത്തരം സ്ഥാപനങ്ങൾ പങ്കാളികളുടെ താൽപ്പര്യമനുസരിച്ച് എത്ര കാലം വേണമെങ്കിലും നിലനിൽക്കും. എപ്പോൾ വേണമെങ്കിലും എല്ലാ പങ്കാളികളുടെയും സമ്മതത്തോടെ ഇത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടുവാൻ സാധിക്കും. ഏതെങ്കിലുമൊരു പങ്കാളിക്ക് ബിസിനസിൽ തുടരാൻ താൽപ്പര്യമില്ലെങ്കിൽ ആ കാര്യം കാണിച്ച് സ്ഥാപനത്തിന് നോട്ടീസ് നൽകിയും പങ്കാളിത്തസ്ഥാപനം അവസാനിപ്പിക്കാവുന്നതാണ്.

**(ii) നിശ്ചിത പങ്കാളിത്തം [Particular partnership]:**

ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി മാത്രമോ, ഒരു നിശ്ചിത കാലയളവിലേക്ക് വേണ്ടിയോ രൂപീകരിക്കുന്ന പങ്കാളിത്ത സ്ഥാപനങ്ങളെ നിശ്ചിത പങ്കാളിത്തം എന്നു വിളിക്കാം. ഒരു വർഷം മാത്രം നീണ്ടു നിൽക്കുന്ന പങ്കാളിത്ത സ്ഥാപനം, ഒരു പാലം പണിയുന്നതിനുള്ള പങ്കാളിത്ത ബിസിനസ് എന്നിവയെല്ലാം ഉദാഹരണങ്ങളാണ്. പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് അഥവാ കാലാവധി പൂർത്തിയായിക്കഴിഞ്ഞാൽ ഈ ബിസിനസ്സ് അവസാനിക്കുന്നു.

**ബാധ്യതയുടെ അടിസ്ഥാനത്തിലുള്ള തരം തിരിവ് (Classification on the basis of liability):**

**(i) സാധാരണ പങ്കാളിത്തം [General Partnership]:** സാധാരണ പങ്കാളിത്ത ബിസിനസ്സിൽ പങ്കാളികളുടെ ബാധ്യത പരിധിയില്ലാത്തതും കൂട്ടായതുമാണ്. എല്ലാ പങ്കാളികൾക്കും ബിസിനസ് മാനേജ്മെന്റിൽ ഇടപെടാ

നുള്ള അവകാശം ഉണ്ടായിരിക്കും എന്നതോടൊപ്പം ഓരോ പങ്കാളിയുടേയും പ്രവർത്തനങ്ങൾ ബിസിനസിനെ ഒന്നാകെയും മറ്റു പങ്കാളികളേയും ബാധിക്കുന്നതാണ്. ഇത്തരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നിർബന്ധമല്ല. പങ്കാളികളുടെ മരണം, മാനസികവിഭ്രാന്തി തുടങ്ങിയവയെല്ലാം ഈ സ്ഥാപനത്തിന്റെ നിലനിൽപ്പിനെ ബാധിക്കും.

**(ii) ക്ലിപ്ത പങ്കാളിത്തം [Limited Partnership]:** ക്ലിപ്ത പങ്കാളിത്ത ബിസിനസ് സംരംഭങ്ങളിൽ ചുരുങ്ങിയത് ഒരു പങ്കാളിയെങ്കിലും പരിധിയില്ലാത്ത ബാധ്യതയ്ക്ക് ഉത്തരവാദിയാണ്. എന്നാൽ മറ്റ് പങ്കാളികളുടെ ബാധ്യത ക്ലിപ്തമായിരിക്കും. ഇത്തരം സ്ഥാപനങ്ങൾ ക്ലിപ്ത പങ്കാളികളുടെ മരണമോ പരപ്പരത്തമോ മൂലം പിരിച്ചു വിടേണ്ടതില്ല. ക്ലിപ്തപങ്കാളികൾക്ക് സാധാരണയായി മാനേജ്മെന്റ് കാര്യങ്ങളിൽ പങ്കെടുക്കാൻ അവകാശമില്ലെന്ന് മാത്രമല്ല, ഇവരുടെ പ്രവർത്തനങ്ങൾ മറ്റു പങ്കാളികളേയും ബാധിക്കാറില്ല. ക്ലിപ്ത പങ്കാളിത്ത ബിസിനസ് രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്.

ആദ്യകാലങ്ങളിൽ ഇന്ത്യയിൽ ഇത്തരം ക്ലിപ്ത പങ്കാളിത്ത ബിസിനസ് സംരംഭങ്ങൾ അനുവദിച്ചിരുന്നില്ല. 1991 ലെ ചെറുകിട സംരംഭങ്ങൾ സംബന്ധിച്ച പുതിയ നയം നിലവിൽ വന്നതിനുശേഷമാണ് ക്ലിപ്ത പങ്കാളിത്ത സ്ഥാപനങ്ങൾ അനുവദിക്കപ്പെട്ടത്. സാധാരണ പങ്കാളികളുടെ ബാധ്യത പരിധിയില്ലാത്തതായതിനാൽ ഇത്തരം ബിസിനസ്സിൽ മുതൽമുടക്കാൻ തയ്യാറാവാതിരുന്നവരെക്കൂടി ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനു വേണ്ടിയാണ് സർക്കാർ ഇങ്ങനെയൊരു നയം സ്വീകരിച്ചത്.

### 2.4.3 പങ്കാളിത്ത പ്രമാണം [Partnership Deed]

പൊതുവായ ലക്ഷ്യം നേടുന്നതിനു വേണ്ടി ഒന്നിലധികം ആളുകൾ സ്വമേധയാ കൂടിച്ചേർന്ന് ഒരു കരാറിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബിസിനസ് സംരംഭമാണല്ലോ പങ്കാളിത്ത ബിസിനസ് സ്ഥാപനങ്ങൾ. പങ്കാളികൾ തമ്മിൽ ഭാവിയിൽ തർക്കങ്ങളും തെറ്റിദ്ധാരണകളും ഉണ്ടാവാതിരിക്കാൻ വ്യക്തമായ ഒരു കരാർ കൂടിയേ തീരൂ. എന്നാൽ ഈ കരാർ വാക്കാലുള്ളതോ എഴുതപ്പെട്ടതോ ആകാമെങ്കിലും, എഴുതപ്പെട്ട കരാറുകൾ ഭാവിയിൽ സുഗമമായ പ്രവർത്തനത്തിന് സഹായകമാവും. പങ്കാളികൾ തമ്മിലുള്ള കൃത്യമായ ധാരണയുടെ അടിസ്ഥാനത്തിൽ കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പങ്കാളിത്ത ബിസിനസ് നടത്തുന്നതിനായി എഴുതി തയ്യാറാക്കിയ കരാറിനെ പങ്കാളിത്ത പ്രമാണം എന്നു പറയുന്നു.

**പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സ് ഒരു പങ്കാളിത്ത സ്ഥാപനമായിരുന്നു**
**[Price Waterhouse Coopers was a Partnership Firm earlier]**

1998 ൽ പ്രൈസ് വാട്ടർഹൗസ്, ലൈബ്രാൻഡ് ആന്റ് കൂപ്പർ എന്നീ കമ്പനികളുടെ ലയനത്തിലൂടെ ലോകത്തിലെ ഏറ്റവും മികച്ച അക്കൗണ്ടൻസി സ്ഥാപനങ്ങളിൽ ഒന്നായ പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സ് നിലവിൽ വന്നു. 19-ാം നൂറ്റാണ്ടിലെ ഗ്രേറ്റ് ബ്രിട്ടനിലേക്ക് തിരികെപ്പോയാൽ രണ്ട് സ്ഥാപനങ്ങൾക്കും 150 വർഷം പഴക്കമുള്ള ചരിത്രപരമായ വേരുകൾ കാണാം. 1850 ൽ സാമുവൽ ലോവൽ പ്രൈസ് ലണ്ടനിൽ തന്റെ അക്കൗണ്ടിംഗ് ബിസിനസ് ആരംഭിച്ചു. 1865 ൽ വില്യം എച്ച് ഹോളിലാൻഡ്, എഡ്വിൻ വാട്ടേഴ്സ് എന്നിവർ പങ്കാളികളായി ചേർന്നു. കമ്പനിയായി വളർന്നപ്പോൾ, പ്രൊഫഷണൽ സ്റ്റാഫിലെ യോഗ്യതയുള്ള അംഗങ്ങളെക്കൂടി പങ്കാളികളാക്കി. 1800 കളുടെ അവസാനത്തോടെ പ്രൈസ് വാട്ടർഹൗസ് ഒരു അക്കൗണ്ടിംഗ് സ്ഥാപനമായി വളരെയധികം അംഗീകാരം നേടിയിരുന്നു.

*ഉറവിടം: കൊളംബിയ സർവകലാശാലയിലെ പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സ് ചരിത്രരേഖകൾ.*

സാധാരണയായി താഴെപ്പറയുന്ന വ്യവസ്ഥകൾ ഒരു പങ്കാളിത്ത കരാറിൽ ഉൾപ്പെടുത്തും:

- സ്ഥാപനത്തിന്റെ പേര്
- ബിസിനസിന്റെ സ്വഭാവവും സ്ഥാപിച്ചിരിക്കുന്ന സ്ഥലവും
- ബിസിനസിന്റെ കാലാവധി
- ഓരോ പങ്കാളിയുടെയും മുതൽമുടക്ക്
- ലാഭനഷ്ടങ്ങൾ പങ്കുവയ്ക്കുന്നതിന്റെ അനുപാതം
- പങ്കാളികളുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും
- പങ്കാളികളുടെ ശമ്പളവും വ്യക്തിഗത ആവശ്യങ്ങൾക്കായി പിൻവലിക്കാവുന്ന തുകയുടെ പരിധിയും
- പങ്കാളികളുടെ പ്രവേശനം, വിരമിക്കൽ, പുറത്താക്കൽ എന്നിവയെ സംബന്ധിച്ച വ്യവസ്ഥകൾ
- മൂലധനത്തിനും സ്വകാര്യ ആവശ്യങ്ങൾക്കായി പിൻവലിക്കുന്ന തുകയ്ക്കുമുള്ള പലിശ
- സ്ഥാപനം അടച്ചുപൂട്ടുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ
- കണക്കുകൾ തയ്യാറാക്കുന്നതും അവയുടെ പരിശോധനയെക്കുറിച്ചുമുള്ള (ഓഡിറ്റ്) വ്യവസ്ഥകൾ
- തർക്കപരിഹാര വ്യവസ്ഥകൾ

### 2.4.4 രജിസ്ട്രേഷൻ [Registration]

രജിസ്ട്രേഷൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സ്ഥാപനത്തിന്റെ പേരും മറ്റുവിവരങ്ങളും പങ്കാളിത്ത രജിസ്ട്രാറുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തുക എന്നതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഒരു സനാപനത്തിന്റെ നിലനിൽപ്പിനെ സൂചിപ്പിയ്ക്കുന്ന അടിസ്ഥാന രേഖയാണ്. പങ്കാളിത്ത നിയമപ്രകാരം പങ്കാളിത്ത സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നിർബന്ധമല്ല. എന്നാൽ രജിസ്റ്റർ ചെയ്ത സനാപനങ്ങൾക്ക് ഒട്ടേറെ നേട്ടങ്ങളുണ്ട്. രജിസ്ട്രേഷൻ നടത്താതിരുന്നാലുള്ള അനന്തരഫലങ്ങൾ താഴെ സൂചിപ്പിക്കുന്നു:

a) രജിസ്റ്റർ ചെയ്യാത്ത സ്ഥാപനത്തിലെ പങ്കാളിക്ക് സ്ഥാപനത്തിനെതിരെയോ, മറ്റൊരു പങ്കാളിക്കെതിരെയോ കേസ് കൊടുക്കാൻ കഴിയില്ല.

b) സനാപനത്തിന് മൂന്നാം കക്ഷികൾക്കെതിരെ കേസ് കൊടുക്കാനാവില്ല.

c) സ്ഥാപനത്തിന് സ്വന്തം പങ്കാളികൾക്കെതിരെ കേസ് കൊടുക്കാനാവില്ല.

മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസനാനത്തിൽ ഒരു പങ്കാളിത്ത സനാപനം രജിസ്റ്റർ ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമാണല്ലോ. 1932 ലെ ഇന്ത്യൻ പങ്കാളിത്ത നിയമപ്രകാരം രജിസ്റ്റർ ചെയ്യേണ്ടത് അതാതു സ്ഥലത്തെ പങ്കാളിത്ത രജിസ്ട്രാറുടെ മുൻപാകെയാണ്. സനാപനത്തിന്റെ രൂപീകരണസമയത്തോ മറ്റേ

"തങ്ങളുടെ ക്ഷേമത്തിനായി കുറേപ്പേർ സ്വമേധയാ കൂടിച്ചേർന്ന് രൂപീകരിക്കുന്ന സ്ഥാപനമാണ് സഹകരണ സംഘങ്ങൾ".

*ഇ. എച്ച്. കാൽവെർട്ട്*

"സഹകരണ തത്വങ്ങളെ അടിസ്ഥാനമാക്കി സംഘാംഗങ്ങളുടെ സാമ്പത്തിക ക്ഷേമം ഉറപ്പുവരുത്തുന്നതിനായി രൂപീകരിക്കപ്പെട്ട സ്ഥാപനമാണ് സഹകരണസംഘങ്ങൾ".

*ഇന്ത്യൻ സഹകരണ നിയമം 1912*

തെങ്കിലും ഘട്ടത്തിലോ രജിസ്ട്രേഷൻ ആവാം. രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ ഏതൊക്കെയെന്നു നോക്കാം:

1. നിശ്ചിത അപേക്ഷാ ഫോറത്തിൽ പങ്കാളിത്ത രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കുക. ഈ അപേക്ഷയിൽ താഴെ പറയുന്ന കാര്യങ്ങൾ ഉണ്ടായിരിക്കണം:
   a) സ്ഥാപനത്തിന്റെ പേര്
   b) സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലം
   c) മറ്റേതെങ്കിലും സ്ഥലങ്ങളിൽ ബിസിനസ് നടത്തുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ
   d) ഓരോ പങ്കാളിയും ബിസിനസിൽ ചേർന്ന തീയതി
   c) പങ്കാളികളുടെ പേരും വിലാസവും
   f) ബിസിനസിന്റെ കാലാവധി

ഈ അപേക്ഷയിൽ എല്ലാ പങ്കാളികളും ഒപ്പ് വച്ചിരിക്കണം:

2. നിശ്ചിത ഫീസ് രജിസ്ട്രാറുടെ പക്കൽ അടയ്ക്കുക.
3. അപേക്ഷ പരിശോധിച്ച് ബോധ്യപ്പെട്ടുകഴിഞ്ഞാൽ ഈ സ്ഥാപനത്തിന്റെ പേര് പങ്കാളിത്ത രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും.

## 2.5 സഹകരണ സംഘങ്ങൾ [Cooperative Society]

സഹകരണം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്, പൊതു ലക്ഷ്യം നേടുന്നതിനായി എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കുക എന്നതാണ്. തങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നതിനുവേണ്ടി കുറേപ്പേർ സ്വമേധയാ കൂടിച്ചേർന്ന് രൂപീകരിക്കുന്ന സ്ഥാപനമാണ് സഹകരണ സംഘങ്ങൾ. മറ്റു ബിസിനസുകളിൽ നിന്ന് വ്യത്യസ്തമായി മധ്യവർത്തികളുടെ ചൂഷണത്തിൽ നിന്ന് മോചനം നേടുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരം സംഘങ്ങൾ പ്രവർത്തിക്കുന്നത്. 1912 -ലെ സഹകരണ നിയമമനുസരിച്ച് ഇത്തരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യണം എന്നത് നിർബന്ധമാണ്.

ഒരു സഹകരണസംഘം ആരംഭിക്കുന്നതിന് താരതമ്യേന ലളിതമായ നടപടിക്രമങ്ങൾ മാത്രമേയുള്ളൂ. പ്രായപൂർത്തിയായ 10 പേരെങ്കിലും ഉണ്ടെങ്കിൽ ഒരു സംഘം ആരംഭിക്കാവുന്നതാണ്. ഇവയുടെ മൂലധനം അംഗങ്ങൾക്ക് ഓഹരികൾ നൽകിക്കൊണ്ടാണ് സമാഹരിക്കുന്നത്. രജിസ്ട്രേഷനോടുകൂടി ഈ സ്ഥാപനത്തിന് നിയമപരമായി പ്രത്യേകമായ നിലനിൽപ്പുണ്ടാകും.

## സവിശേഷതകൾ [Features]

സഹകരണസംഘങ്ങളുടെ സവിശേഷതകൾ എന്തൊക്കെയെന്ന് പരിശോധിക്കാം:

**(i) സ്വമേധയാലുള്ള അംഗത്വം [Voluntary membership]:**

സഹകരണ സംഘങ്ങളിൽ അംഗത്വമെടുക്കുന്നത് സ്വന്തം ഇഷ്ടപ്രകാരമാണ്. ഇക്കാര്യത്തിൽ ഒരാളെയും നിർബന്ധിക്കേണ്ട എന്നതുപോലെ തന്നെ ഒരാൾക്ക് എപ്പോൾ വേണമെങ്കിലും തന്റെ അംഗത്വം യഥാവിധി നോട്ടീസ് നൽകിയ ശേഷം ഉപേക്ഷിക്കുകയുമാകാം. സഹകരണ സംഘങ്ങളിലെ അംഗത്വം എല്ലാവർക്കും ഒരുപോലെ ലഭ്യമാണ്. ജാതി, മതം, ലിംഗം എന്നിവയൊന്നും ഇതിനൊരു തടസ്സമല്ല.

**(ii) നിയമപരമായ പദവി [Legal status]:** സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നിയമപരമായി നിർബന്ധമാണ്. രജിസ്ട്രേഷനിലൂടെ സഹകരണസംഘങ്ങൾക്ക് നിയമപരമായ വ്യക്തിത്വം (നിലനിൽപ്പ്) ഉണ്ടാകുന്നു. അതിനാൽ ഇത്തരം സംഘങ്ങൾക്ക് സ്വന്തം പേരിൽ കരാറിലേർപ്പെടാനും സ്വത്ത് സമ്പാദിക്കാനും വ്യവഹാരങ്ങളിൽ ഏർപ്പെടാനും സാ

ധിക്കും. പുതിയ അംഗങ്ങളെ ഉൾപ്പെടുത്തുന്നതും നിലവിലുള്ള അംഗങ്ങളുടെ പിരിഞ്ഞുപോക്കും സഹകരണസംഘങ്ങളുടെ നിലനിൽപ്പിനെ ബാധിക്കുകയില്ല.

**(iii) ക്ലിപ്ത ബാധ്യത [Limited liability]:** സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ ബാധ്യതയുടെ പരിധി അവരുടെ മുതൽമുടക്കിന് തുല്യമായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ ഓരോ അംഗവും ഏറ്റെടുക്കേണ്ട ബാധ്യത എത്രയാണെന്ന് അവരവർക്ക് മുൻകൂട്ടി അറിയാൻ കഴിയുന്നു.

**(iv) നിയന്ത്രണം [Control]:** സഹകരണ സംഘങ്ങളുടെ ഭരണം നിയന്ത്രിക്കുന്നത് മാനേജിംഗ് കമ്മിറ്റിയാണ്. ഈ കമ്മിറ്റിയിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് എല്ലാ അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വോട്ടെടുപ്പിലൂടെ ആയിരിക്കും. ആയതിനാൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ജനാധിപത്യ രീതിയിലാണ് നിയന്ത്രിക്കപ്പെടുന്നത്.

**(v) സേവനമാണ് ലക്ഷ്യം [Service motive]:** സഹകരണസംഘങ്ങളുടെ പ്രധാനലക്ഷ്യം അതിലെ അംഗങ്ങൾക്ക് സേവനം ലഭ്യമാക്കുക എന്നതാണ്. ആയതിനാൽ ലാഭത്തേക്കാളുപരി പരസ്പര സഹകരണത്തോടെയുള്ള സേവനത്തിന് പ്രാമുഖ്യം നൽകുന്നു. എങ്കിലും പ്രവർത്തനങ്ങളിൽനിന്ന് ഉണ്ടാകുന്ന ലാഭം, സംഘത്തിന്റെ നിയമാവലിക്കനുസൃതമായി അംഗങ്ങൾക്ക് വിതരണം ചെയ്യും.

## മേന്മകൾ [Merits]

സഹകരണ സംഘങ്ങൾ തങ്ങളുടെ അംഗങ്ങൾക്ക് ഒട്ടേറെ നേട്ടങ്ങൾ പ്രദാനം ചെയ്യാറുണ്ട്. അവയിൽ ചിലത് താഴെ പറയുന്നു:

**(i) തുല്യമായ വോട്ടവകാശം [Equality in voting status]:** ഒരാൾക്ക് ഒരു വോട്ട് എന്ന തത്വത്തിൽ അധിഷ്ഠിതമായാണ് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ നയിക്കപ്പെടുന്നത്. എത്ര ഓഹരികൾ ഉണ്ടെങ്കിലും ഒരു അംഗത്തിനു ഒരു വോട്ട് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ആയതിനാൽ എല്ലാവർക്കും തുല്യമായ വോട്ടവകാശമാണുള്ളത്.

**(ii) ക്ലിപ്ത ബാധ്യത [Limited liability]:** സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ ബാധ്യത അവരുടെ മുതൽമുടക്കിന് ആനുപാതികമായി നിജപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ അവരുടെ സ്വകാര്യ സ്വത്ത് യാതൊരു കാരണവശാലും ബിസിനസിന്റെ കടങ്ങൾ തീർക്കുന്നതിനായി ഉപയോഗിക്കേണ്ടി വരുന്നില്ല.

**(iii) സ്ഥായിയായ നിലനിൽപ്പ് [Stable existence]:** അംഗങ്ങളുടെ മരണം, പാപ്പരത്തം, മനോരോഗം തുടങ്ങിയവയൊന്നും സഹകരണ സംഘങ്ങളുടെ നിലനിൽപ്പിനെ ബാധിക്കില്ല. അംഗങ്ങൾ മാറിമാറി വന്നാലും സ്ഥാപനം എന്നെന്നും നിലനിൽക്കും.

**(iv) കുറഞ്ഞ പ്രവർത്തനച്ചെലവ് [Economy in operations]:** സഹകരണ സംഘങ്ങളിലെ അംഗങ്ങൾ സാധാരണയായി സംഘത്തിന് ആവശ്യമായ സേവനങ്ങൾ സൗജന്യമായി നൽകാറുണ്ട്. മധ്യവർത്തികളെ പരമാവധി ഒഴിവാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അതോടൊപ്പം പ്രവർത്തനച്ചെലവ് ചുരുക്കാനും ഇത് സഹായിക്കുന്നു. ഇവരുടെ ഉപഭോക്താക്കളും ഉൽപ്പാദകരും സംഘത്തിലെ അംഗങ്ങൾ തന്നെയായതിനാൽ കിട്ടാക്കടം പോലുള്ള നഷ്ടസാധ്യതകളും കുറവാണ്.

**(v) സർക്കാർ സഹായം [Support from government]:** ജനാധിപത്യ വ്യവസ്ഥയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്നതിനാൽ സർക്കാർ ഏജൻസികളുടെ സഹായം ഇത്തരം സംരംഭങ്ങൾക്ക് ലഭ്യമാണ്. നികുതി ആനുകൂല്യം, കുറഞ്ഞ പലിശനിരക്ക്, സബ്സിഡി തുടങ്ങിയ സാമ്പത്തിക പ്രോത്സാഹനങ്ങൾ ചില ഉദാഹരണങ്ങളാണ്.

**(vi) രൂപീകരിക്കുവാൻ എളുപ്പം [Ease of formation]:** കേവലം 10 അംഗങ്ങൾ എങ്കിലും ഉണ്ടെങ്കിൽ ഒരു സഹകരണസംഘം ആരംഭിക്കാം. രജിസ്ട്രേഷൻ നടപടിക്രമങ്ങളും വളരെ ലളിതമാണ്. 1912 ലെ സഹകരണ നിയമമനുസരിച്ചാണ് ഇവ രജിസ്റ്റർ ചെയ്യേണ്ടത്.

## പരിമിതികൾ [Limitations]

സഹകരണ സംഘങ്ങൾ സാധാരണയായി നേരിടേണ്ടി വരുന്ന പരിമിതികൾ എന്തൊക്കെയാണെന്ന് നോക്കാം:

**(i) വിഭവങ്ങൾ പരിമിതമാണ് [Limited resources]:**

സഹകരണസംഘങ്ങളുടെ മൂലധന സമാഹരണം അംഗങ്ങളിൽ നിന്നുമാണ്. എന്നാൽ കുറഞ്ഞ നിരക്കിലുള്ള ലാഭവിഹിതം നൽകുന്നത് കൂടുതൽ നിക്ഷേപം നടത്തുന്നതിൽ നിന്ന് അംഗങ്ങളെ പിന്തിരിപ്പിക്കുന്നത് മൂലം സംഘങ്ങളുടെ മൂലധന വിഭവശേഷി പരിമിതപ്പെടുത്തുന്നു.

**(ii) മാനേജ്മെന്റിലുള്ള കാര്യക്ഷമതക്കുറവ് [Inefficiency in management]:** ഉയർന്ന വേതനം നൽകി മിടുക്കരായ മാനേജർമാരെ നിയമിക്കാനുള്ള സാമ്പത്തികാവസ്ഥ എല്ലാ സഹകരണ സംഘങ്ങൾക്കും ഉണ്ടാവണമെന്നില്ല. അംഗങ്ങൾ നൽകുന്ന സൗജന്യ സേവനം വൈദഗ്ധ്യം നിറഞ്ഞതാവാൻ ഇടയില്ലാത്തതിനാൽ സംഘങ്ങളുടെ കാര്യനിർവഹണ ശേഷി തുലോം കുറവായിരിക്കും.

**(iii) രഹസ്യം സൂക്ഷിക്കാൻ കഴിയുന്നില്ല [Lack of secrecy]:**

അംഗങ്ങളുടെ പൊതുയോഗങ്ങളിൽ തുറന്ന ചർച്ച നടക്കുന്നതിനാലും സഹകരണ സംഘനിയമം അനുസരിച്ചുള്ള വെളിപ്പെടുത്തൽ ബാധ്യതമൂലവും ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനകാര്യങ്ങളുടെ രഹസ്യങ്ങൾ കാത്തുസൂക്ഷിക്കുക ഏറെ പ്രയാസകരമാണ്.

**(iv) സർക്കാർ നിയന്ത്രണം [Government control]:**

സഹകരണ സംഘങ്ങൾക്ക് പലതരത്തിലുള്ള സർക്കാർ സഹായങ്ങൾ ലഭ്യമാണെന്ന കാര്യം മുൻപ് സൂചിപ്പിച്ചുവല്ലോ. അതിനാൽ ചില സർക്കാർ നിയന്ത്രണങ്ങളും ഇവർക്ക് ബാധകമാണ്. ഓഡിറ്റും വാർഷിക കണക്കുകളുടെ സമർപ്പണവുമെല്ലാം ചില ഉദാഹരണങ്ങളാണ്. കൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള സംസ്ഥാന സഹകരണ വകുപ്പിന്റെ ഇടപെടൽ പലപ്പോഴും ഇവയുടെ പ്രവർത്തനസ്വാതന്ത്ര്യത്തെ ബാധിക്കുന്നു.

**(v) അഭിപ്രായ വ്യത്യാസം [Differences of opinion]:**

സംഘത്തിലെ അംഗങ്ങൾ തമ്മിലുള്ള അഭിപ്രായ ഭിന്നതകളും വ്യക്തി താൽപ്പര്യങ്ങളും സ്വജനപക്ഷപാതവും സംഘത്തിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും.

### 2.5.1 വിവിധതരം സഹകരണ സംഘങ്ങൾ [Types of Cooperative Societies]

പ്രവർത്തന സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളെ താഴെപ്പറയുന്ന രീതിയിൽ തരംതിരിക്കാം:

**(i) ഉപഭോക്തൃ സഹകരണ സംഘങ്ങൾ [Consumer's cooperative societies]:** സാധാരണക്കാരായ ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയാണ് ഇത്തരം സംഘങ്ങൾ ആരംഭിക്കുന്നത്. മധ്യവർത്തികളെ ഒഴിവാക്കി ഉൽപ്പാദകരിൽ നിന്നോ മൊത്തക്കച്ചവടക്കാരിൽ നിന്നോ കുറഞ്ഞ നിരക്കിൽ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ വലിയതോതിൽ വാങ്ങി സംഘത്തിലെ അംഗങ്ങൾക്ക് പരമാവധി കുറഞ്ഞ വിലയിൽ വിൽക്കുകയാണ് ഈ സംരംഭങ്ങൾ ചെയ്യുന്നത്. ഇതിൽ എന്തെങ്കിലും ലാഭം ഉണ്ടാവുകയാണെങ്കിൽ അംഗങ്ങളുടെ മുതൽമുടക്കിന്റെ

അടിസ്ഥാനത്തിലോ ഉൽപ്പന്നങ്ങൾ വാങ്ങിയതിന്റെ അനുപാതത്തിലോ വീതം വെച്ചു നൽകുന്നു.

**(ii) ഉൽപ്പാദക സഹകരണ സംഘങ്ങൾ [Producer's cooperative societies]:** ചെറുകിട ഉൽപ്പാദകരെ സഹായിക്കുന്നതിനു വേണ്ടിയാണ് ഇത്തരം സംഘങ്ങൾ രൂപീകരിക്കുന്നത്. ഇതിലെ അംഗങ്ങളെല്ലാവരും ചെറുകിട ഉൽപ്പാദകരായിരിക്കും. അവർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് കുറഞ്ഞ വിലയിൽ ലഭ്യമാക്കുകയെന്നതാണ് ഈ സംഘങ്ങളുടെ പ്രവർത്തന ലക്ഷ്യം. കുത്തക ശക്തികൾക്കെതിരെ പോരാടുകയും ചെറുകിട ഉൽപ്പാദകരുടെ വിലപേശൽ ശേഷി ഉയർത്തുകയും അസംസ്കൃതവസ്തുക്കളോടൊപ്പം ഉപകരണങ്ങളും മറ്റ് ആവശ്യമായ വസ്തുക്കളും വിതരണം ചെയ്യുകയും, അംഗങ്ങളുടെ ഉൽപ്പന്നങ്ങൾ വാങ്ങുകയുമാണ് ഇവയുടെ പ്രധാന പ്രവർത്തനങ്ങൾ. ഇവർക്ക് ലഭ്യമാകുന്ന ലാഭം അംഗങ്ങൾ നിർമ്മിച്ചുനൽകിയ ഉൽപ്പന്നങ്ങളുടെ അളവിന്റെ അടിസ്ഥാനത്തിലോ അസംസ്കൃതവസ്തുക്കൾ വാങ്ങിയതിന്റെ അനുപാതത്തിലോ വിതരണം ചെയ്യുന്നു.

**(iii) വിപണന സഹകരണ സംഘങ്ങൾ [Marketing cooperative societies]:**

ചെറുകിട ഉൽപ്പാദകരെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിൽ സഹായിക്കുന്നതിന് വേണ്ടിയാണ് ഇത്തരം സംഘങ്ങൾ നിലകൊള്ളുന്നത്. തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വില ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഈ സംഘത്തിലെ അംഗമാവാം. ഇടനിലക്കാരെ ഒഴിവാക്കി ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് മൊത്തമായി വിപണിയിൽ എത്തിക്കുകയും അതിനാവശ്യമായ ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സംഭരണ സൗകര്യങ്ങൾ പ്രദാനം ചെയ്യുകയും പായ്ക്കിങ്ങിൽ സഹായിക്കുകയും ചെയ്യുന്നതോടൊപ്പം വിപണിയിലെ ഉയർന്നവില നേടിയെടുക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നു. സംഘത്തിന്റെ ലാഭം ഓരോ അംഗവും നൽകുന്ന ഉൽപ്പന്നങ്ങളുടെ അളവിന്റെ അടിസ്ഥാനത്തിൽ വീതിച്ചു നൽകുന്നതും ഇവയുടെ പ്രത്യേകതയാണ്.

**അമൂൽ സഹകരണമേഖലയിലെ അത്ഭുതം!**
**(Amul's amazing Cooperative ventures!)**

ദിനംപ്രതി 4,47,000 ലിറ്റർ പാൽ സംഭരണം, 2.12 ദശലക്ഷം ക്ഷീരകർഷകർ (ഭൂരിഭാഗവും നിരക്ഷരർ), ഇവരുടെ കഠിനാധ്വാനത്തിലൂടെ, പ്രശസ്തമായ 'അമൂൽ' എന്ന ബ്രാൻഡ് നാമത്തിൽ പാലും പാലുൽപന്നങ്ങളും, ആകെ വിറ്റുവരവ് ദിവസം തോറും 6 കോടി രൂപ, അഞ്ചുലക്ഷത്തോളം ചെറുകിട വില്പന കേന്ദ്രങ്ങൾ. ഇതിനെല്ലാം തുടക്കം 1946 ഡിസംബറിൽ ഗുജറാത്തിലെ ആനന്ദ് എന്ന ഗ്രാമത്തിൽ ആരംഭിച്ച അമൂൽ പാൽ സഹകരണ സംഘം എന്ന സ്ഥാപനത്തിന്റെ വരവാണ്. ആനന്ദ് ഗ്രാമത്തിൽ ആസ്ഥാനമായുള്ള കേര ജില്ലാ പാൽ സഹകരണ യൂണിയൻ (അമൂൽ എന്നറിയപ്പെടുന്നു) ഗണ്യമായി വളർന്നുവന്നു. മറ്റ് പാൽ സഹകരണ സ്ഥാപനങ്ങളുമായി ഇത് കൈകോർത്തു. ഗുജറാത്ത് ശൃംഖലയിൽ ഇപ്പോൾ 2.12 ദശലക്ഷം കർഷകരും 10,411 ഗ്രാമതല പാൽ ശേഖരണ കേന്ദ്രങ്ങളും 14 ജില്ലാതല പ്ലാന്റുകളും (യൂണിയനുകൾ) ഉൾപ്പെടുന്നു. അമൂൽ ഇന്ന് ലോകമെമ്പാടും അറിയപ്പെടുന്ന ബ്രാൻഡ് ആയി മാറിക്കഴിഞ്ഞു. ഇവർ പാൽ, പാൽപ്പൊടി, വെണ്ണ, നെയ്യ്, ഐസ്ക്രീം, അമൂല്യ, ന്യൂട്രമൂൽ എന്നിവയോടൊപ്പം പാചക എണ്ണ, മിനറൽ വാട്ടർ തുടങ്ങിയ ഉത്പന്നങ്ങളും ഉത്പ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

ഉറവിടം : പങ്കജ് ചന്ദ്ര, "റെഡിഫ് ഡോട്ട് കോം", ബിസിനസ് സ്പെഷ്യൽ 2005 ൽ നിന്ന് സ്വീകരിച്ചത്

**(iv) കർഷക സഹകരണ സംഘങ്ങൾ [Farmer's cooperative societies]:**

ഇത്തരം സംഘങ്ങൾ പ്രധാനമായും കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി നിലകൊള്ളുന്നു. കർഷകരാണ് ഇതിലെ അംഗങ്ങൾ. കാർഷികാവശ്യങ്ങൾക്കുള്ള അസംസ്കൃതവസ്തുക്കൾ, വിത്ത്, വളം, യന്ത്രസാമഗ്രികൾ, നൂതന സാങ്കേതികവിദ്യകൾ തുടങ്ങിയവ ലഭ്യമാക്കുകയാണ് ഇവരുടെ ലക്ഷ്യം. കൂട്ടുകൃഷി സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്നതിന് മുൻഗണന നൽകാറുണ്ട്. കർഷകർക്ക് ഉയർന്ന തോതിലുള്ള വിളവ് ലഭിക്കുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്യുന്നതോടൊപ്പം തുണ്ട് കഷണങ്ങളായ ഭൂമിയിൽ കൃഷി ചെയ്യുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുവാനും ഇത്തരം സംഘങ്ങൾ ശ്രദ്ധിക്കാറുണ്ട്.

**(v) വായ്പാ സഹകരണ സംഘങ്ങൾ [Credit cooperative societies]:**

കുറഞ്ഞ പലിശ നിരക്കിലും ലളിതമായ നടപടിക്രമങ്ങളിലൂടെയും ആവശ്യക്കാർക്ക് വായ്പകൾ നൽകുന്നതിനു വേണ്ടിയാണ് വായ്പാ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത്. സാധാരണയായി വായ്പ ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ് ഈ സംഘത്തിൽ അംഗമായി ചേരുന്നത്. അംഗങ്ങളുടെ മുതൽമുടക്കും മറ്റ് നിക്ഷേപങ്ങളും ഉപയോഗിച്ചാണ് വായ്പകൾ നൽകുന്നത്. അതിലൂടെ കൊള്ളപ്പലിശക്കാരിൽനിന്നും മറ്റ് പണമിടപാട് ചൂഷകരിൽ നിന്നും അംഗങ്ങളെ സംരക്ഷിക്കാൻ കഴിയുന്നു.

**(vi) ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ [Cooperative housing societies]**

കുറഞ്ഞ വരുമാനക്കാരായവർക്ക് ന്യായമായ ചെലവിൽ വീടുകൾ നിർമിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനുവേണ്ടിയാണ് ഭവന നിർമ്മാണ സംഘങ്ങൾ രൂപീകരിക്കുന്നത്. കുറഞ്ഞ ചെലവിൽ ഒരു വീട് സ്വന്തമാക്കണം എന്ന് ആഗ്രഹിക്കുന്നവരാണ് ഇതിലെ അംഗങ്ങൾ. അംഗങ്ങളായവർക്ക് തവണ വ്യവസ്ഥയിൽ വീട് നിർമ്മിക്കാൻ ആവശ്യമായ സൗകര്യങ്ങളും ഇവർ ഒരുക്കികൊടുക്കാറുണ്ട്. കെട്ടിട സമുച്ചയങ്ങൾ നിർമിച്ചും വീട് നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലസൗകര്യങ്ങൾ ഒരുക്കിക്കൊടുത്തും ഇവർ അംഗങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ പ്രദാനം ചെയ്യുന്നു.

## 2.6 ജോയിന്റ് സ്റ്റോക്ക് കമ്പനി/കൂട്ടുടമ കമ്പനി [Joint Stock Company]

ഒരു ബിസിനസ് നടത്തുന്നതിനുവേണ്ടി ഒരു കൂട്ടം വ്യക്തികൾ സ്വമേധയാ ഒത്തുചേർന്ന് രൂപീകരിക്കുന്ന സംരംഭത്തെ ജോയിന്റ് സ്റ്റോക്ക് കമ്പനിയെന്നു വിളിക്കാം. ഇതിന് അംഗങ്ങളിൽ നിന്ന് വേറിട്ട വ്യക്തിത്വം ഉണ്ട്. ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നത് 2013 ലെ ഇന്ത്യൻ കമ്പനി നിയമമാണ്. ഈ നിയമത്തിലെ സെക്ഷൻ 2(20) പ്രകാരം ഒരു കമ്പനി എന്നാൽ ഈ നിയമം മൂലമോ മറ്റേതെങ്കിലും പഴയ കമ്പനി നിയമം മൂലമോ രൂപീകൃതമായ സ്ഥാപനം എന്നതാണ്. കൃത്രിമ വ്യക്തിത്വവും സ്ഥായിയായ നിലനിൽപ്പും അംഗങ്ങളിൽ നിന്നും വേറിട്ട അസ്തിത്വം പൊതു മുദ്രയും ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ സവിശേഷതകളാണ്.

ഓഹരി ഉടമകളാണ് ഒരു കമ്പനിയുടെ യഥാർത്ഥ ഉടമസ്ഥർ. എന്നാൽ ഭരണനിർവഹണത്തിനായി ഒരു മാനേജിംഗ് കമ്മിറ്റിയെ അംഗങ്ങൾ വോട്ടെടുപ്പിലൂടെ തിരഞ്ഞെടുത്ത് ചുമതലപ്പെടുത്താറുണ്ട്. ഒരു കമ്പനിയുടെ ആകെ മൂലധനത്തെ തുല്യമായി വിഭജിച്ചതിൽ ഒരു ഭാഗത്തെയാണ് ഓഹരി (share) എന്നു വിളിക്കുന്നത്.

ഈ ഓഹരികൾ ഒരാളിൽ നിന്ന് മറ്റൊ രാളിലേക്ക് കൈമാറ്റം ചെയ്യാവുന്നതാണ് (സ്വ കാര്യ കമ്പനികളുടെ ഓഹരി കൈമാറ്റത്തിന് നിബന്ധനകളുണ്ട്).

## സവിശേഷതകൾ [Features]

ജോയിന്റ് സ്റ്റോക്ക് കമ്പനിയുടെ സവിശേഷ തകൾ താഴെ കൊടുത്തിരിക്കുന്നു.

**(i) കൃത്രിമ വ്യക്തിത്വം [Artificial person]:** നിയമംമൂലം സൃഷ്ടിക്കപ്പെട്ട ബിസിനസ്സ് സംരംഭമായതിനാലാണ് ജോയിന്റ് സ്റ്റോക്ക് കമ്പനിയെ കൃത്രിമ വ്യക്തിത്വം എന്നു വിളി ക്കുന്നത്. ഒരു സാധാരണ മനുഷ്യനെപ്പോലെ കമ്പനികൾക്കും സ്വന്തമായി സ്വത്ത് കൈവശം വയ്ക്കുവാനും ധനസമ്പാദനം നടത്തുവാനും, കരാറുകളിൽ ഏർപ്പെടുവാനും വായ്പകൾ സ്വീകരിക്കുവാനും വ്യവഹാരങ്ങളിൽ ഏർപ്പെ ടുവാനുമുള്ള അവകാശമുണ്ട്. എന്നാൽ യഥാർത്ഥ മനുഷ്യരെപ്പോലെ ശ്വസിക്കുവാനോ ഭക്ഷണം കഴിക്കാനോ ഓടാനോ നടക്കാനോ കഴിയാത്തതിനാൽ അവയെ കൃത്രിമ വ്യക്തി എന്നു വിളിക്കാം.

**(ii) നിയമപരമായ പ്രത്യേക നിലനിൽപ്പ് [Separate legal entity]:** രജിസ്ട്രേഷൻ മുതൽ തന്നെ ഒരു കമ്പനിക്ക് അംഗങ്ങളിൽ നിന്ന് വേറിട്ട നിയമപരമായ നിലനിൽപ്പ് ലഭിക്കുന്നു. ആയതിനാൽ ഒരു കമ്പനിയുടെ ആസ്തികളും ബാധ്യതകളും ഓഹരി ഉടമകളുടേതിൽ നിന്ന് വേറിട്ട് നിലകൊള്ളുന്നു.

**(iii) രൂപീകരണം [Formation]:** കമ്പനി രൂപീകരണം വളരെ സമയമേറിയതും ചെല വുള്ളതും സങ്കീർണവുമായ പ്രക്രിയയാണ്. ഇതിനായി നിയമം അനുശാസിക്കുന്ന ഒട്ടനേകം പ്രമാണങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. 2013 ലെ കമ്പനി നിയമം അനുസരിച്ചോ മറ്റേതെങ്കിലും പഴയ കമ്പനി നിയമങ്ങളനുസരിച്ചോ ഒരു ജോയിന്റ് സ്റ്റോക്ക് കമ്പനി നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണം. അങ്ങനെ രജിസ്റ്റർ

**ലീഗ് ഓഫ് ഫോർച്യൂൺ ഗ്ലോബൽ ഓർഗനൈസേഷന്റെ പട്ടികയിൽ ഇടംപിടിച്ച ഇന്ത്യൻ കമ്പനികൾ**

| കമ്പനിയുടെ പേര് | ആഗോള റാങ്കിംഗ് | ഇന്ത്യയിലെ റാങ്ക് | വരുമാനം (ദശലക്ഷം) | വെബ്സൈറ്റ് |
|---|---|---|---|---|
| ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് | 161 | 1 | 54,711 | www.iocl.com |
| റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് | 215 | 2 | 43,437 | www.ril.com |
| ടാറ്റ മോട്ടോഴ്സ് ലിമിറ്റഡ് | 226 | 3 | 42,092 | www.tatamotors.com |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 232 | 4 | 41,681 | www.sbi.co.in |
| ഭാരത് പെട്രോളിയം കോർപ റേഷൻ ലിമിറ്റഡ് | 350 | 5 | 20,082 | www.bharatpetroleum.in |
| ഹിന്ദുസ്ഥാൻ പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് | 367 | 6 | 28,820 | www.hindustanpetroleum.com |
| രാജേഷ് എക്സ്പോർട്ട് കോർപറേഷൻ ലിമിറ്റഡ് | 423 | 7 | 25,237 | www.rajeshindia.com |

ചെയ്യപ്പെട്ട സ്ഥാപനങ്ങൾ മാത്രമേ ഇന്ത്യൻ കമ്പനികളുടെ പട്ടികയിൽ ഉൾപ്പെടുകയുള്ളു.

**(iv) സ്ഥായിയായ നിലനിൽപ്പ് [Perpetual succession]:** നിയമം മൂലം രൂപീകൃതമായ ഒരു കമ്പനിയുടെ അടച്ചുപൂട്ടലും നിയമപ്രകാരം മാത്രമേ സാധ്യമാകൂ. കമ്പനി നിയമം അനുശാസിക്കുന്ന തരത്തിലുള്ള നടപടിക്രമങ്ങളിലൂടെ മാത്രമേ ഒരു കമ്പനിയുടെ ബിസിനസ് അവസാനിപ്പിക്കാൻ കഴിയൂ. ഇതിലെ അംഗങ്ങൾ മാറിമാറി വന്നേക്കാമെങ്കിലും അതൊന്നും കമ്പനിയുടെ നിലനിൽപ്പിനെ ബാധിക്കുന്നില്ല.

**(v) നിയന്ത്രണം [Control]:** കമ്പനികളുടെ ഭരണം നടത്താനുള്ള അധികാരം ഓഹരി ഉടമകളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഡയറക്ടർ ബോർഡിന്റെ കരങ്ങളിലാണ്. അവരെ സഹായിക്കുന്നതിനായി യോഗ്യരായ മാനേജർമാരെ നിയമിക്കുന്നതും ഭരണകാര്യങ്ങൾ നിയന്ത്രിക്കുന്നതും ഡയറക്ടർ ബോർഡിലെ അംഗങ്ങളായിരിക്കും. ആയതിനാൽ എല്ലാ ഓഹരിയുടമകൾക്കും ഭരണകാര്യങ്ങളിലും ദൈനംദിന പ്രവർത്തനങ്ങളിലും ഇടപെടാൻ കഴിയാറില്ല.

**(vi) ബാധ്യത [Liability]:** അംഗങ്ങളുടെ ബാധ്യത അവരുടെ ഓഹരിയിലുള്ള നിക്ഷേപത്തിന്റെ മുഖവില വരെയുള്ള തുകയ്ക്ക് സമാനമായി നിജപ്പെടുത്തിയിരിക്കുന്നു. കമ്പനിയുടെ കടബാധ്യതകൾ തീർക്കുന്നതിനായി കമ്പനിയുടെ ആസ്തികൾ ഉപയോഗിക്കാമെന്നല്ലാതെ അംഗങ്ങളുടെ സ്വകാര്യ ആസ്തികൾ ഉപയോഗിക്കാൻ കഴിയില്ല. കമ്പനിക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനായി ഓഹരി ഉടമകൾ അവരുടെ ഓഹരികളിന്മേൽ അടയ്ക്കാനുള്ള ബാക്കിതുക ഉണ്ടെങ്കിൽ അതു മാത്രമേ കൊടുക്കേണ്ടതുള്ളൂ. ഉദാഹരണം: ശ്രീ. അക്ഷയ് ഒരു കമ്പനിയുടെ 10 രൂപ വിലയുള്ള 2000 ഓഹരികൾ വാങ്ങുകയും നാളിതുവരെ ഏഴു രൂപ അടയ്ക്കുകയും ചെയ്തുവെങ്കിൽ, ഇനിയുള്ള അദ്ദേഹത്തിന്റെ ബാധ്യത കേവലം 6000 രൂപ (2000 x 3) മാത്രമായിരിക്കും.

**(vii) പൊതു മുദ്ര [Common seal]:** ജോയിന്റ് സ്റ്റോക്ക് കമ്പനി ഒരു കൃത്രിമ വ്യക്തി ആയതിനാൽ അതിന്റെ ഡയറക്ടർ ബോർഡിലെ അംഗങ്ങളാണ് കരാറുകളിൽ ഏർപ്പെടാറുള്ളത്. ഈ കരാറുകളുടെ സാധുത ഉറപ്പുവരുത്തുന്നതിനായി കമ്പനിയുടെ പേരോടുകൂടിയ പൊതു മുദ്ര ഒപ്പായി ഉപയോഗിക്കുന്നു. ഈ പൊതു മുദ്ര പതിക്കാത്ത ഒരു കരാറിൽ കമ്പനിക്ക് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കില്ല. 2013 ലെ കമ്പനി നിയമത്തിൽ 2015 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് ഒരു ജോയിന്റ് സ്റ്റോക്ക് കമ്പനിയ്ക്ക് പൊതുമുദ്ര വേണമെന്ന് നിർബന്ധമില്ല.

**(viii) നഷ്ടം സഹിക്കൽ [Risk bearing]:** ഒരു ജോയിന്റ് സ്റ്റോക്ക് കമ്പനിയുടെ കടബാധ്യതകൾ ഏറ്റെടുക്കുന്നത് അതിന്റെ എല്ലാ ഓഹരി ഉടമകളും ചേർന്നായതിനാൽ ഓരോരുത്തരുടെയും നഷ്ടം വളരെ ചെറുതായിരിക്കും.

**മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്ന കമ്പനി നിയമങ്ങൾ:**

1. 1866 ന് മുൻപ് നിലനിന്നിരുന്ന കമ്പനി നിയമങ്ങൾ.
2. ഇന്ത്യൻ കമ്പനി നിയമം, 1866 (1866 ലെ 10)
3. ഇന്ത്യൻ കമ്പനി നിയമം 1882 (1882 ലെ 6)
4. ഇന്ത്യൻ കമ്പനി നിയമം 1913 (1913 ലെ 6)
5. രജിസ്ട്രേഷൻ ഓഫ് ട്രാൻസ്ഫേർഡ് കമ്പനീസ് ഓർഡിനൻസ്, 1942 (ഓർഡിനൻസ് 1942 ലെ 42)
6. ഇന്ത്യൻ കമ്പനി നിയമം, 1956.

അത് അവരുടെ ഓഹരി മുഖവിലയ്ക്ക് അപ്പുറത്തേക്ക് പോവുകയുമില്ല. എന്നാൽ ഒരു ഏകാംഗ വ്യാപാരമാണെങ്കിൽ എല്ലാം നഷ്ടവും ഒരാൾ തന്നെ വഹിക്കേണ്ടതുണ്ട്.

## ഗുണങ്ങൾ [Merits]

കമ്പനി സംരംഭങ്ങൾക്ക് മറ്റ് ബിസിനസ്സുകളെക്കാൾ നിരവധി മേന്മകളുണ്ട്. അവയിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു:

**(i) ക്ലിപ്ത ബാധ്യത [Limited liability]:** ഓരോ ഓഹരി ഉടമയുടേയും ബാധ്യത അദ്ദേഹം വാങ്ങിയിട്ടുള്ള ഓഹരികളുടെ മുഖവിലയിൽ അടയ്ക്കാൻ ബാക്കിയുള്ള തുകയ്ക്ക് തുല്യമായി നിജപ്പെടുത്തിയിരിക്കുന്നതിനാൽ അംഗങ്ങളുടെ സ്വകാര്യ സ്വത്തിനെ കമ്പനിയുടെ ബാധ്യതകൾ ബാധിക്കുന്നില്ല. അതിനാൽ കമ്പനിയുടെ അടച്ചുപൂട്ടലിലൂടെ ഓഹരി ഉടമകൾക്ക് കാര്യമായ നഷ്ടം സംഭവിക്കാനിടയില്ല.

**(ii) ഉടമസ്ഥാവകാശകൈമാറ്റം [Transfer of interest]:** ഒരു പബ്ലിക് കമ്പനിയുടെ ഓഹരികൾ യഥേഷ്ടം കൈമാറ്റം ചെയ്യാമെന്നതിനാൽ ഓഹരി ഉടമയ്ക്ക് എപ്പോൾ വേണമെങ്കിലും തന്റെ ഓഹരികൾ മറ്റൊരാൾക്ക് കൈമാറിക്കൊണ്ട് പണമാക്കി മാറ്റാൻ സാധിക്കുന്നു. ഇത് കൂടുതൽ നിക്ഷേപകരെ കമ്പനിയുടെ ഓഹരി ഉടമകളാവാൻ പ്രേരിപ്പിക്കുന്നു. എന്നാൽ സ്വകാര്യ കമ്പനികളിൽ ചില നിബന്ധനകൾക്ക് വിധേയമായി മാത്രമേ ഉടമസ്ഥാവകാശം കൈമാറാൻ സാധിക്കുകയുള്ളൂ.

**(iii) സ്ഥായിയായ നിലനിൽപ്പ് [Perpetual existence]:** അംഗങ്ങളിൽ നിന്ന് വേറിട്ട് നിലനിൽപ്പുള്ളതിനാൽ, ഒരു കമ്പനിയിലെ അംഗങ്ങളുടെ മരണം, പാപ്പരത്തം, പിരിഞ്ഞുപോകൽ, മനോരോഗം തുടങ്ങിയവയൊന്നും തന്നെ പ്രസ്തുത കമ്പനിയുടെ നിലനിൽപ്പിനെ ബാധിക്കുന്നില്ല. ഒരു കമ്പനിയിലെ മുഴുവൻ അംഗങ്ങളും മരിച്ചുപോയാൽ പോലും പ്രസ്തുത കമ്പനി നിലനിൽക്കുമെന്നതാണ് വാസ്തവം. ഒരു കമ്പനി അടച്ചുപൂട്ടണമെങ്കിൽ കമ്പനി നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്.

**(iv) വിപുലീകരണ സാധ്യത [Scope for expansion]:** ഏകാംഗ വ്യാപാരങ്ങളുമായോ പങ്കാളിത്ത ബിസിനസ് സംരംഭങ്ങളുമായോ താരതമ്യം ചെയ്യുമ്പോൾ ഒരു കമ്പനിക്ക് വളരെയേറെ സാമ്പത്തിക വിഭവങ്ങൾ സമാഹരിക്കുവാൻ സാധിക്കുന്നു. ക്ലിപ്തബാധ്യതയും ഓഹരി കൈമാറ്റവും പോലുള്ള സവിശേഷതകളും നിക്ഷേപകരെ കമ്പനിയിൽ മുതൽ മുടക്കുവാൻ പ്രേരിപ്പിക്കുന്നു. അതിനാൽ കമ്പനി സംരംഭങ്ങൾക്ക് വൻതോതിലുള്ള മൂലധനം സമാഹരിക്കുവാനും അതുവഴി ബിസിനസ് വിപുലീകരിക്കുവാനും സാധിക്കുന്നു.

**(v) വിദഗ്ധ മാനേജ്മെന്റ് [Professional management]:** ഉയർന്ന പ്രതിഫലം നൽകി പ്രഗൽഭരായ മാനേജർമാരെ നിയമിക്കുവാൻ കമ്പനികൾക്ക് സാധിക്കുന്നു. തന്മൂലം കമ്പനികൾക്ക് നല്ല പ്രവർത്തനം കാഴ്ചവയ്ക്കാനും ഉയർന്ന ലാഭം നേടാനും കഴിയുന്നു. വൻകിട ബിസിനസ് സംരംഭമായതിനാൽ കമ്പനികളിൽ തൊഴിൽവിഭജനം സാധ്യമാണ്. ആയതിനാൽ ഓരോ വിഭാഗത്തിലും അതാത് മേഖലയിലെ പ്രാവീണ്യമുള്ളവരെ നിയമിക്കുവാൻ കമ്പനിക്ക് സാധിക്കും. പ്രഗൽഭരായ മാനേജർമാരുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന വിഭാഗങ്ങൾക്ക് അനുയോജ്യമായ തീരുമാനങ്ങളിലൂടെ ഉയർന്ന കാര്യക്ഷമത കൈവരിക്കാൻ കഴിയുന്നു.

## പരിമിതികൾ [Limitations]

ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ പ്രധാന പോരായ്മകൾ ചുവടെ ചേർക്കുന്നു:

**(i) രൂപീകരണത്തിലെ സങ്കീർണ്ണത [Complexity in formation]:**

കമ്പനി രൂപത്തിലുള്ള ബിസിനസ് സംരംഭം ആരംഭിക്കുവാൻ ഒട്ടേറെ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. അതിന് വളരെയധികം സമയവും പ്രയത്നവും ആവശ്യമാണ്. മറ്റ് ബിസിനസ് സംരംഭങ്ങളായ ഏകാംഗ വ്യാപാരവും പങ്കാളിത്ത ബിസിനസ് സംരംഭങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കമ്പനി രൂപീകരണം വളരെ സങ്കീർണ്ണമാണെന്നു പറയാം.

**(ii) രഹസ്യം സൂക്ഷിക്കാൻ കഴിയുന്നില്ല [Lack of secrecy]:** കമ്പനി നിയമപ്രകാരം കാലാകാലങ്ങളിൽ കമ്പനിയെ സംബന്ധിച്ച വിവരങ്ങളെല്ലാം കമ്പനി രജിസ്ട്രാറെ അറിയിക്കണമെന്നുണ്ട്. ഈ വിവരങ്ങൾ പലതും പൊതുജനങ്ങൾക്കും ലഭ്യമാകുന്നു. അതിനാൽ രഹസ്യസ്വഭാവം നിലനിർത്തുവാൻ കഴിയുന്നില്ല.

**(iii) വ്യക്തി സൗഹൃദപരമല്ലാത്ത തൊഴിൽസാഹചര്യം [Impersonal work environment]:**

ഉടമസ്ഥാവകാശവും മാനേജുമെന്റും രണ്ട് വിഭാഗങ്ങളുടെ കൈവശമായതിനാൽ ബിസിനസിന്റെ വിജയത്തിനായി മാനേജർമാരുടേയും അധികാരികളുടേയും ഭാഗത്തു നിന്ന് വേണ്ടത്ര ഇടപെടലോ പ്രയത്നമോ ഉണ്ടാവണമെന്നില്ല. മാത്രവുമല്ല വൻകിട സ്ഥാപനമായതിനാൽ ഓഹരി ഉടമകൾക്കും മാനേജ്മെന്റിനും തൊഴിലാളികളുമായോ ഉപഭോക്താക്കളുമായോ ക്രെഡിറ്റേഴ്സുമായോ വ്യക്തിപരമായ ബന്ധം സ്ഥാപിക്കുവാൻ കഴിയുകയില്ല.

**(iv) നിരവധി നിയന്ത്രണങ്ങൾ [Numerous regulations]:** കമ്പനികളുടെ പ്രവർത്തനങ്ങൾ നിരവധി നിയമങ്ങൾക്ക് വിധേയമാണ്. ഈ നിയമങ്ങൾ അനുസരിച്ചുള്ള കണക്ക് പരിശോധനകളും റിപ്പോർട്ട് തയ്യാറാക്കലും വിവിധ രേഖകൾ രജിസ്ട്രാറിൽ നിന്നും, സെബി (SEBI-Securities and Exchange Board of India)യിൽ നിന്നും സംഘടിപ്പിക്കലുമെല്ലാം വളരെ പ്രയാസമേറിയ കാര്യങ്ങളായതിനാൽ കമ്പനിയുടെ പ്രവർത്തനസ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു.

**(v) തീരുമാനമെടുക്കാനുള്ള കാലതാമസം [Delay in decision making]:** ജനാധിപത്യ രീതിയിൽ തിരഞ്ഞെടുക്കപ്പെട്ട ബോർഡ് ഓഫ് ഡയറക്ടേഴ്സാണ് കമ്പനിയുടെ ഭരണം നിയന്ത്രിക്കുന്നത്. അതിനാൽ ഏതൊരു തീരുമാനവും വിവിധ തലത്തിലുള്ള മാനേജ്മെന്റുകളുടെ (ഉന്നതതലം, മധ്യതലം, താഴ്ന്ന തലം) അറിവോടും അംഗീകാരത്തോടും കൂടി മാത്രമേ സാധ്യമാവുകയുള്ളൂ എന്നതിനാൽ, കാലതാമസം ഉണ്ടാവാനിടയുണ്ട്.

**(vi) ചുരുക്കം പേർ ചേർന്നുള്ള ഭരണം [Oligarchic management]:**തത്വത്തിൽ ഒരു കമ്പനിയുടെ ഭരണം ജനാധിപത്യപരമാണെങ്കിലും യഥാർത്ഥത്തിൽ ഭരണനിർവ്വഹണം നടത്തുന്നത് ഡയറക്ടർമാരാണ്. വളരെയധികം ഓഹരികളുള്ള വൻകിട സ്ഥാപനങ്ങളിൽ ഭൂരിപക്ഷം ഓഹരി ഉടമകൾക്കും ഭരണ കാര്യങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്താൻ കഴിയാറില്ല. ഈ ഓഹരി ഉടമകൾ രാജ്യത്തിന്റെ നാനാഭാഗത്തുനിന്നുള്ളവരും, അവരിൽ തന്നെ വളരെ കുറഞ്ഞ ആളുകൾ മാത്രമേ ജനറൽബോഡി മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്യാറുള്ളുവെന്നതാണ് അതിനുള്ള കാരണം. അതിനാൽ കമ്പനി ഉടമകളുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ തീരുമാനങ്ങൾ ഡയറക്ടർ ബോർഡ് കൈക്കൊള്ളാൻ ഇടയുണ്ട്. അതിൽ അതൃപ്തിയുള്ളവർക്ക് കമ്പനിയിൽ നിന്ന് പിരിഞ്ഞു പോകാമെന്നല്ലാതെ മറ്റു മാർഗമൊന്നുമില്ല. ഇത്തരത്തിൽ ചിന്തിക്കുമ്പോൾ യഥാർഥത്തിൽ കമ്പനിയുടെ ഭരണം ചുരുക്കം ചിലർ മാത്രം ചേർന്ന് നടത്തുന്ന സാഹചര്യം സംജാതമാകുന്നു.

**തൂലികയാണ് പടവാളിനെക്കാൾ മഹത്തരം [Pen is mightier than the Sword: ]**
**ലക്സർ റൈറ്റിംഗ് ഇൻസ്ട്രുമെന്റ് പ്രൈവറ്റ് ലിമിറ്റഡിന്റെ അനുഭവകഥ**
**[The Case of Luxor Writing Instruments Pvt. Ltd.]**

1963 ൽ ആഗ്രഹങ്ങളും കഠിനാധ്വാനവും കൈമുതലായുള്ള ഒരു യുവാവ്, ദേവീന്ദർ കുമാർ ജെയ്ൻ (Davinder Kumar Jain) 5,000 രൂപ മുടക്കുമുതലുമായി എഴുത്തുപകരണ രംഗത്ത് ഒരു പുതുയുഗത്തിന് ആരംഭം കുറിച്ചു. ചെറുപ്രായത്തിൽത്തന്നെ, 19-ാം വയസ്സിൽ അദ്ദേഹം ഡൽഹിയിലെ സദർ ബസാറിൽ കൈകൊണ്ട് പേനയുണ്ടാക്കുന്ന ഒരു ചെറിയ അസംബ്ലിംഗ് ഷോപ്പ് ആരംഭിച്ചു. അവിടെ അദ്ദേഹം ലക്സർ റൈറ്റിങ് ഇൻസ്ട്രുമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് (LWIPL) എന്ന പേരിൽ ഫൗണ്ടൻ പേന നിർമ്മാണം തുടങ്ങി.

തുടർച്ചയായി മൂന്ന് വർഷക്കാലം അരെയും കൊതിപ്പിക്കുന്ന 'നമ്പർ വൺ റൈറ്റിങ് ഇൻസ്ട്രുമെന്റ് എക്സ്പോർട്ടർ' അവാർഡ് കിട്ടിയതോടുകൂടി പൈലറ്റ്, പേപ്പർമേറ്റ്, പാർക്കർ, വാട്ടർമാൻ എന്നീ നാലു അന്താരാഷ്ട്ര ബ്രാൻഡുകൾ ഇൻഡ്യയിൽ നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള അവകാശം ലക്സർ റൈറ്റിംഗ് ഇൻസ്ട്രുമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡിന് മാത്രമായി ലഭിച്ചു.

ഇന്ന് ലക്സർ റൈറ്റിംഗ് ഇൻസ്ട്രുമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് 500 കോടി രൂപയിലധികം വിറ്റുവരവുമായി വിപണിയുടെ 20% ൽ കൂടുതൽ വിഹിതവുമായി മുന്നിലാണ്. ഇന്ന് ഇന്ത്യയിലെ മുൻനിര പേന ഉൽപ്പാദകരും കയറ്റുമതിക്കാരും ലക്സർ ആണ്. നിലവിൽ ഉൽപാദനത്തിന്റെ 15 ശതമാനവും കയറ്റുമതി ചെയ്യുന്നുണ്ട്. നിലവിൽ ഡൽഹിയിൽ നാലും മുംബൈയിൽ മൂന്നും നിർമ്മാണശാലകൾ ഉണ്ട്. ആയിരത്തോളം പേർക്ക് തൊഴിൽ നൽകുന്നു. വിവിധ ആവശ്യങ്ങൾക്കുള്ള വൈവിധ്യമാർന്ന പേനകൾ വിതരണം ചെയ്തുകൊണ്ട് മാർക്കറ്റിന്റെ മിക്ക മേഖലകളിലും മുന്നേറ്റം തുടരുന്നു.

*സ്രോതസ്സ് : http://www.luxorparker.com*

**(vii) വിഭിന്ന താൽപര്യങ്ങളുടെ സംഘർഷം [Conflict in Interest]:** കമ്പനിയുമായി ബന്ധപ്പെടുന്ന വിവിധ വിഭാഗങ്ങൾക്കും വ്യത്യസ്തമായ താൽപര്യങ്ങളാണുള്ളത്. ഉദാഹരണത്തിന് ജീവനക്കാർ കൂടുതൽ വേതനം ലഭിക്കണമെന്ന് ആഗ്രഹിക്കുമ്പോൾ ഉപഭോക്താക്കൾ കുറഞ്ഞവിലയ്ക്ക് ഗുണമേന്മയുള്ള ഉൽപന്നങ്ങളും സേവനങ്ങളും കിട്ടണമെന്ന് ആഗ്രഹിക്കുന്നു. എന്നാൽ ഇതേസമയം ഓഹരി ഉടമകളുടെ താൽപര്യം ഉയർന്ന ലാഭം കിട്ടണമെന്നായിരിക്കും. ഈ വിഭാഗങ്ങളുടെയെല്ലാം താൽപര്യങ്ങളെ കോർത്തിണക്കികൊണ്ടുപോകുന്നത് ഏറെ പ്രയാസകരമാണ്.

### 2.6.1 വിവിധതരം കമ്പനികൾ [Types of Companies]

കമ്പനികളെ സാധാരണയായി സ്വകാര്യകമ്പനികളെന്നും പൊതുകമ്പനികളെന്നും തരംതിരിക്കാം. ഇവയെക്കുറിച്ചുള്ള വിശദവിവരങ്ങൾ താഴെ പറയുന്നു:

### സ്വകാര്യ കമ്പനി [Private Company]

ഒരു സ്വകാര്യ കമ്പനി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്:

a) ഓഹരികൾ കൈമാറാനുള്ള അവകാശം നിയന്ത്രിച്ചിരിക്കുന്നു.
b) നിലവിലുള്ളതും മുൻകാലങ്ങളിലുണ്ടായിരുന്നതുമായ ജീവനക്കാരൊഴികെയുള്ള ഓഹരി ഉടമകളുടെ എണ്ണം 2 മുതൽ 200 വരെയാകാം.
(c) ഓഹരികൾ വാങ്ങുന്നതിനായി പൊതുജനങ്ങളെ ക്ഷണിക്കുന്നില്ല.

കൂടാതെ ഒരു സ്വകാര്യ കമ്പനി അവരുടെ പേരിന് ശേഷം പ്രൈവറ്റ് ലിമിറ്റഡ് (Private Ltd.) എന്ന് ചേർത്തിരിക്കണം. മേൽപ്പറഞ്ഞ ഏതെങ്കിലും നിബന്ധനകൾക്കെതിരായി പ്രവർത്തിച്ചാൽ സ്വകാര്യ കമ്പനി എന്ന പദവി ഇല്ലാ

**ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ്-ഒരു പൊതുകമ്പനിയുടെ ഗുണമേന്മാ യാത്ര (Bharath Heavy Eletcricals Limited – A Public Company's Journey in Quality)**

ഇന്ത്യയിലെ മുൻനിര പൊതുകമ്പനികളിൽ ഒന്നായ 'ഭെൽ' (BHEL) കഴിഞ്ഞ 40 വർഷങ്ങളായി ഊർജ്ജോൽപ്പാദന രംഗത്ത് ആവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണത്തിൽ വ്യാപൃതരാണ് .

ഊർജ്ജ ഉൽപാദനം, വിതരണം, ഗതാഗതം, വാർത്താവിനിമയം തുടങ്ങിയ മേഖലകൾക്കാവശ്യമായ 180 ൽ അധികം ഉൽപ്പന്നങ്ങളുമായി ഇന്ത്യൻ സാമ്പത്തിക വ്യവസറയ്ക്ക് ഒരു നെടുംതൂണായി പ്രവർത്തിക്കുന്ന ഭെൽ അനേകം ഗുണമേന്മാ അവാർഡുകൾ നേടിയിട്ടുണ്ട്. ISO 9001, ISO 14001, OHSAS 18001 തുടങ്ങിയവ ഇതിൽ ചിലതാണ്.

ഭെല്ലിന്റെ പ്രധാന നേട്ടങ്ങളിൽ ഉൾപ്പെടുന്നത്:

- യൂട്ടിലിറ്റികൾ, ക്യാപ്റ്റീവ്, വ്യാവസായിക ഉപഭോക്താക്കൾ എന്നിവയ്ക്കായി 90,000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനത്തിനായി സറാപിച്ച ഉപകരണങ്ങൾ.
- 400 കിലോവാട്ട് (K.V) (എസി, ഡിസി) വരെയുള്ള ട്രാൻസ്മിഷൻ, വിതരണ ശൃംഖലയിൽ പ്രവർത്തിക്കുന്ന 225000 എം.വി.എ (MVA) ട്രാൻസ്ഫോർമറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വിതരണം.
- പവർ പ്രോജക്ടുകൾ, പെട്രോകെമിക്കൽസ്, റിഫൈനറികൾ, സ്റ്റീൽ അലുമിനിയം, വളം, സിമന്റ് പ്ലാന്റും തുടങ്ങിയവയിലേക്ക് ഡ്രൈവ് കൺട്രോൾ സിസ്റ്റം ഉപയോഗിച്ചു പ്രവർത്തിക്കുന്ന 25000 മോട്ടോറുകൾ വിതരണം ചെയ്തു.
- 12000 കിലോമീറ്ററിലധികം റെയിൽവെ ശൃംഖലയിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് ട്രാക്ഷൻ ഇലക്ട്രിക്സും, എസി/ഡിസി ലോക്കോസും നൽകി.
- ഊർജനിലയങ്ങൾക്കും മറ്റ് വ്യവസായങ്ങൾക്കും ഒരു ദശലക്ഷത്തിലധികം വാൽവുകൾ വിതരണം ചെയ്തു.

കമ്പനിയുടെ ഗുണഭോക്താക്കളുടെ മൂല്യവർദ്ധനവ് ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന 'ഭെൽ' വിഭാവനം ചെയ്യുന്നത് ലോകോത്തര എഞ്ചിനിയറിംഗ് സ്ഥാപനമായി വളരുകയെന്നതാണ്. രാജ്യത്തിന്റെ പ്രതീക്ഷകൾക്കനുസരിച്ച്, ആഗോളതലത്തിൽ ശ്രദ്ധേയമായ സ്ഥാനം നേടാനുള്ള ശ്രമങ്ങളുമായി കമ്പനി മുൻപോട്ട് കുതിച്ചു കൊണ്ടിരിക്കുന്നു.

ഭെല്ലിന്റെ പ്രധാന ശക്തി അവരുടെ 43,500 ൽ അധികം വരുന്ന തൊഴിലാളികളാണ്. ഓരോ തൊഴിലാളിക്കും സ്വയം വികസിക്കാനുള്ള അവസരങ്ങൾ നൽകിക്കൊണ്ടാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മുന്നോട്ട് പോകുന്നത്. അതിനാവശ്യമായ പരിശീലനപരിപാടികളും ആരോഗ്യകരമായ പ്രവർത്തനാന്തരീക്ഷവും ഒരുക്കാൻ മാനേജ്മെന്റ് സദാ ജാഗരൂകരാണ്. അതിലൂടെ 'ഭെൽ' ഉയർന്ന ഉൽപ്പാദനക്ഷമതയും ഗുണമേന്മയും ഇന്നും നിലനിർത്തുന്നു.

അവലംബം : *ഭെൽ വെബ്സൈറ്റ്*

താവുകയും അവർക്കുള്ള വിശേഷാധികാരങ്ങൾ നഷ്ടമാവുകയും ചെയ്യും.

പൊതുകമ്പനികളിൽ നിന്ന് വ്യത്യസ്തമായി സ്വകാര്യ കമ്പനികളുടെ വിശേഷാധികാരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. ഒരു സ്വകാര്യ കമ്പനി രൂപീകരിക്കാൻ

**പൊതുകമ്പനിയും സ്വകാര്യ കമ്പനിയും തമ്മിലുള്ള വ്യത്യാസങ്ങൾ**

| അടിസ്ഥാനം | പൊതുകമ്പനി | സ്വകാര്യ കമ്പനി |
|---|---|---|
| അംഗങ്ങൾ | കുറഞ്ഞത് 7<br>പരമാവധി പരിധിയില്ല | കുറഞ്ഞത് 2<br>പരമാവധി 200 |
| ഡയറക്ടർമാരുടെ എണ്ണം | കുറഞ്ഞത് 3 | കുറഞ്ഞത് 2 |
| അംഗങ്ങളുടെ പട്ടിക | നിർബന്ധമാണ് | നിർബന്ധമില്ല |
| ഓഹരി കൈമാറ്റം | യഥേഷ്ടം കൈമാറാം | നിബന്ധനകൾക്ക് വിധേയം |
| ഓഹരികൾ വാങ്ങുവാൻ പൊതുജനങ്ങളെ ക്ഷണിക്കുന്നത് | ക്ഷണിക്കാൻ കഴിയും | ക്ഷണിക്കാൻ പാടില്ല |

കേവലം 2 അംഗങ്ങൾ മാത്രം മതിയാകും, എന്നാൽ ഒരു പൊതുകമ്പനിയിൽ 7 അംഗങ്ങൾ നിർബന്ധമാണ്.

2. പൊതുജനങ്ങളെ ഓഹരികൾ വാങ്ങാൻ ക്ഷണിക്കാത്തതിനാൽ പ്രോസ്പെക്ടസ് വിതരണം ചെയ്യേണ്ടതില്ല.
3. ഓഹരികൾ അനുവദിക്കുന്നതിന് കുറഞ്ഞ വരിസംഖ്യ (Minimum Subscription) ലഭിക്കണമെന്നില്ല. രജിസ്ട്രേഷൻ കഴിഞ്ഞ് രൂപീകരണ സാക്ഷ്യപത്രം (Certificate of incorporation) ലഭിച്ചാലുടൻ, സ്വകാര്യ കമ്പനികൾക്ക് ബിസിനസ് ആരംഭിക്കാം.
4. ഒരു സ്വകാര്യ കമ്പനിക്ക് ചുരുങ്ങിയത് രണ്ടു ഡയറക്ടർമാർ മാത്രം മതിയാകുമ്പോൾ, ഒരു പൊതുകമ്പനിക്ക് മൂന്ന് ഡയറക്ടർമാർ എങ്കിലും ഉണ്ടാകണം. എന്നാൽ പരമാവധി ഡയറക്ടർമാരുടെ എണ്ണം രണ്ട് തരം കമ്പനികളിലും പതിനഞ്ചായി നിജപ്പെടുത്തിയിരിക്കുന്നു.
5. സ്വകാര്യ കമ്പനികൾ അംഗങ്ങളുടെ പേരുവിവരങ്ങളുള്ള പട്ടിക തയ്യാറാക്കണമെന്നില്ല. എന്നാൽ പൊതുകമ്പനികൾക്ക് ഇത് നിർബന്ധമാണ്.

**പൊതുകമ്പനി [Public Company]**

സ്വകാര്യകമ്പനികളല്ലാത്ത കമ്പനികളെ പൊതുകമ്പനികൾ എന്നു വിളിക്കുന്നു. ഇന്ത്യൻ കമ്പനി നിയമപ്രകാരം പൊതുകമ്പനി എന്നത് കൊണ്ട് അർത്ഥമാക്കുന്നത്:

(a) അടച്ചുതീർത്ത മൂലധനം കുറഞ്ഞത് അഞ്ചു ലക്ഷമോ അല്ലെങ്കിൽ കാലാകാലങ്ങളിൽ നിഷ്കർഷിക്കപ്പെടുന്ന തുകയോ ആയിരിക്കണം.

b) ചുരുങ്ങിയത് 7 അംഗങ്ങളെങ്കിലും ഉണ്ടാവുകയും പരമാവധി എത്രയെന്ന് നിശ്ചയിച്ചിട്ടില്ലാത്തതുമായ കമ്പനി.

c) ഓഹരി കൈമാറ്റത്തിന് നിബന്ധനകളൊന്നുമില്ല.

d) ഓഹരികളോ നിക്ഷേപങ്ങളോ സ്വീകരിക്കുന്നതിന് പൊതുജനങ്ങളെ ക്ഷണിക്കുന്നതിൽ വിലക്ക് ഏർപ്പെടുത്തിയിട്ടില്ല.

അതോടൊപ്പം ഒരു പൊതുകമ്പനിയുടെ അനുബന്ധ കമ്പനിയായ (Subsidiary Company) സ്വകാര്യ കമ്പനിയും പൊതുകമ്പനിയായി കണക്കാക്കപ്പെടുന്നു.

## 2.7 ബിസിനസ് സംരംഭത്തിന്റെ രൂപം തിരഞ്ഞെടുക്കൽ [CHOICE OF FORM OF BUSINESS ORGANISATION]

വിവിധ തരം ബിസിനസ് സംഘടനാ രൂപങ്ങളെക്കുറിച്ച് നാം മനസ്സിലാക്കിക്കഴിഞ്ഞു. ഓരോന്നിനും അതിന്റേതായ ഗുണങ്ങളും ദോഷങ്ങളുമുണ്ടെന്ന് തിരിച്ചറിയുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ ഏറ്റവും അനുയോജ്യമായ ഒന്ന് തിരഞ്ഞെടുക്കൽ വളരെ പ്രധാനപ്പെട്ട കാര്യമാണ്. അനുയോജ്യമായ ബിസിനസ് രൂപം തിരഞ്ഞെടുക്കുന്നതിന് താഴെ പറയുന്ന ഘടകങ്ങൾ പരിഗണിക്കേണ്ടതുണ്ട്:

**(i) സ്ഥാപിക്കാനുള്ള ചെലവും രൂപീകരിക്കാനുള്ള എളുപ്പവും [Cost and ease in setting up the organisation]:** രൂപീകരിക്കാനുള്ള എളുപ്പവും രൂപീകരണച്ചെലവും പരിഗണിക്കുമ്പോൾ ഏറ്റവും ചെലവു കുറഞ്ഞത് ഏകാംഗ വ്യാപാരം തന്നെയാണ്. കൂടാതെ നടപടിക്രമങ്ങൾ ലഘുവായതും പ്രവർത്തനതോത് വളരെ ചെറുതുമായിരിക്കും. പങ്കാളിത്ത ബിസിനസ്സിനും മേൽപ്പറഞ്ഞവ ബാധകമാണ്. എന്നാൽ സഹകരണ സംഘങ്ങളും കമ്പനികളും നിർബന്ധമായും രജിസ്റ്റർ ചെയ്യപ്പെടണമെന്നുണ്ട്. കമ്പനിയുടെ രൂപീകരണം ദൈർഘ്യമേറിയതും വളരെ ചെലവേറിയതുമാണ്. പ്രാരംഭച്ചെലവുകളുടെ കാര്യം പരിഗണിച്ചാൽ ഏറ്റവും കുറഞ്ഞ ചെലവിൽ രൂപീകരിക്കാവുന്ന സ്ഥാപനം ഏകാംഗ വ്യാപാരമാണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. കമ്പനികൾ രൂപീകരിക്കുവാൻ വളരെയേറെ പണച്ചെലവുള്ളതോടൊപ്പം നടപടിക്രമങ്ങൾ സങ്കീർണ്ണവുമാണ്.

**(ii) ബാധ്യത [Liability]:** ഏകാംഗ വ്യാപാരങ്ങളിലും പങ്കാളിത്ത ബിസിനസ്സിലും ഉടമസ്ഥരുടെ ബാധ്യത പരിധി ഇല്ലാത്തതാണ്. അതിനാൽ അംഗങ്ങളുടെ സ്വകാര്യസ്വത്ത് പോലും ബിസിനസ്സിന്റെ കടങ്ങൾ തീർക്കുന്നതിനായി ഉപയോഗിക്കേണ്ടി വരും. ഹിന്ദു കൂട്ടുകുടുംബ ബിസിനസിലാണെങ്കിൽ കർത്തയ്ക്ക് മാത്രമാണ് പരിധിയില്ലാത്ത ബാധ്യതയുള്ളത്. എന്നാൽ സഹകരണസംഘങ്ങളിലും കമ്പനികളിലും ക്രെഡിറ്റേഴ്സിന്, അവർക്ക് കിട്ടാനുള്ള തുക ഈടാക്കാൻ സ്ഥാപനത്തിന്റെ ആസ്തികൾ ഉപയോഗിക്കാൻ മാത്രമേ അവകാശമുള്ളൂ. ആയതിനാൽ നിക്ഷേപകരുടെ ഭാഗത്തു നിന്ന് ചിന്തിക്കുമ്പോൾ കമ്പനി രൂപമാണ് ഏറ്റവും അനുയോജ്യമെന്നു കാണാം.

**(iii) തുടർച്ച [Continuity]:** ഏകാംഗ വ്യാപാരത്തിലും പങ്കാളിത്ത ബിസിനസ്സിലും അംഗങ്ങളുടെ നിലനിൽപ്പിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെയും നിലനിൽപ്പ്. അതായത് അംഗങ്ങളുടെ മരണം, പാപ്പരത്തം തുടങ്ങിയവ സ്ഥാപനത്തിന്റെ അടച്ചുപൂട്ടലിന് കാരണമാകുന്നു. എന്നാൽ ഈ ഒരു പ്രശ്നം കൂട്ടുകുടുംബ ബിസിനസ്സുകൾക്കും സഹകരണ സംഘങ്ങൾക്കും കമ്പനികൾക്കും ബാധകമല്ല. ദീർഘകാലം നിലനിൽക്കേണ്ട ബിസിനസ്സാണ് ആരംഭിക്കുന്നതെങ്കിൽ കമ്പനിരൂപമാണ് ഏറ്റവും അനുയോജ്യം. കുറഞ്ഞ കാലത്തേക്ക് മാത്രമായുള്ള ബിസിനസ്സുകൾക്ക് ഏകാംഗ വ്യാപാരമോ പങ്കാളിത്തമോ ആയിരിക്കും നന്നാവുക.

**(iv) കാര്യനിർവഹണശേഷി [Management ability]:** എല്ലാ മേഖലകളിലും പ്രാഗത്ഭ്യം തെളിയിക്കുക എന്നത് ഒരു ഏകാംഗ ബിസിനസ്സിന് എളുപ്പമുള്ള കാര്യമല്ല. എന്നാൽ പങ്കാളിത്ത സംരംഭങ്ങൾക്കും കമ്പനികൾക്കും ഇതൊരു പ്രശ്നമല്ല. ഇത്തരം സംരംഭങ്ങളിൽ തൊഴിൽ വിഭജനം സാധ്യമാവുമെന്നതിനാൽ ഓരോരുത്തർക്കും അവരവരുടെ മേഖലകളിൽ പ്രാഗൽഭ്യം നേടാനാകുന്നതോടൊപ്പം കൂടുതൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കാനും

കഴിയുന്നു. മേൽപ്പറഞ്ഞ ഗുണങ്ങളോടൊപ്പം അഭിപ്രായ വ്യത്യാസങ്ങൾക്കുള്ള സാധ്യതയും തള്ളിക്കളയാനാവില്ല.

കൂടാതെ സങ്കീർണ്ണവും വൈദഗ്ധ്യവും ആവശ്യമുള്ള സ്ഥാപനമാണ് തുടങ്ങാൻ ആഗ്രഹിക്കുന്നതെങ്കിൽ കമ്പനികളാണ് കൂടുതൽ നന്നാവുക. നേരെമറിച്ച് ലളിതമായ പ്രവർത്തനങ്ങളും പരിമിതമായ ശേഷികളും മാത്രം ആവശ്യമായ സംരംഭങ്ങൾക്ക് ഏകാംഗ വ്യാപാരമോ പങ്കാളിത്ത ബിസിനസോ ആയിരിക്കും കൂടുതൽ അഭികാമ്യം. അത്തരത്തിൽ ചിന്തിക്കുമ്പോൾ ഒരു സ്ഥാപനത്തിന്റെ പ്രവർത്തന സ്വഭാവവും മാനേജ്മെന്റിനാവശ്യമായ വൈദഗ്ധ്യവും കണക്കിലെടുത്തുവേണം ഒരു സ്ഥാപനത്തിന്റെ രൂപം തീരുമാനിക്കാൻ.

**(v) മൂലധന പരിഗണന [Capital considerations]:**

വളരെയധികം മൂലധനം ആവശ്യമുള്ള ബിസിനസ് സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർ കമ്പനികൾ തിരഞ്ഞെടുക്കുന്നതാണ് നല്ലത്. കാരണം ഓഹരികൾ നൽകിക്കൊണ്ട് നിക്ഷേപകരിൽ നിന്ന് ആവശ്യമായത്ര മൂലധനസമാഹരണം കമ്പനികൾക്ക് സാധ്യമാണ്. പങ്കാളിത്ത ബിസിനസ്സുകൾക്ക് ഒരുപരിധിവരെ തങ്ങളുടെ പങ്കാളികളിൽ നിന്ന് ഉയർന്ന മൂലധനം സമാഹരിക്കാൻ കഴിയുന്നു. എന്നാൽ ഏകാംഗ വ്യാപാരം ഇക്കാര്യത്തിൽ വളരെ പിന്നിലാണ്.

വൻകിട ബിസിനസ് സംരംഭങ്ങൾക്ക് അനുയോജ്യമായത് കമ്പനികൾ തന്നെയാണ്. എന്നാൽ ചെറുകിട ഇടത്തരം സ്ഥാപനങ്ങളാണെങ്കിൽ ഏകാംഗ വ്യാപാരമോ പങ്കാളിത്ത സംരംഭമോ ആയിരിക്കും കൂടുതൽ അനുയോജ്യം. അതോടൊപ്പം ഭാവിയിൽ വിപുലീകരണ സാധ്യതകൾ ലക്ഷ്യം വച്ച് നീങ്ങുന്ന സ്ഥാപനങ്ങളാണെങ്കിൽ, ജോയിന്റ് സ്റ്റോക്ക് കമ്പനിയായി ആരംഭിക്കുന്നതാണ് കൂടുതൽ മെച്ചം.

**(vi) നിയന്ത്രണത്തിന്റെ തോത് [Degree of control]:**

ബിസിനസ്സിന്റെ പരിപൂർണ്ണ അധികാരവും തീരുമാനം എടുക്കാനുള്ള അവകാശവും ഉടമസ്ഥനിൽതന്നെ നിക്ഷിപ്തമാവണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ഏകാംഗ വ്യാപാരമാണ് അനുയോജ്യമാവുക. എന്നാൽ അധികാരം പങ്കുവയ്ക്കുന്നതിന് മടിയില്ലാത്തവരെ സംബന്ധിച്ചിടത്തോളം പങ്കാളിത്ത ബിസിനസോ, കമ്പനിയോ ആരംഭിക്കുന്നത് നന്നായിരിക്കും. ഇതിൽത്തന്നെ കമ്പനികളുടെ കാര്യത്തിൽ ഉടമസ്ഥാവകാശവും മാനേജ്മെന്റും വ്യത്യസ്ത കരങ്ങളിലായതിനാൽ പ്രഗത്ഭരായവരെ മാത്രമേ കമ്പനിയുടെ നടത്തിപ്പ് ചുമതല ഏൽപ്പിക്കാനിടയുള്ളൂ എന്നത് കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ കാരണമാകുന്നു. ഇത് കമ്പനികൾക്ക് മാത്രമുള്ള ഒരു നേട്ടമാണ്.

**(vii) ബിസിനസിന്റെ സ്വഭാവം [Nature of business]:** ഉപഭോക്താക്കളുമായി നേരിട്ടുള്ള വ്യക്തിബന്ധം ആവശ്യമുള്ള ബിസിനസ് സംരംഭങ്ങൾക്ക് ഏകാംഗ വ്യാപാരമായിരിക്കും കൂടുതൽ അനുയോജ്യം. നേരെമറിച്ച് ഉപഭോക്താക്കളുമായി നേരിട്ട് സമ്പർക്കം ആവശ്യമില്ലാത്ത ഉൽപ്പാദനകേന്ദ്രങ്ങളാണെങ്കിൽ ജോയിന്റ് സ്റ്റോക്ക് കമ്പനിയായി രൂപീകരിക്കുന്നത് നന്നായിരിക്കും. എന്നാൽ അക്കൗണ്ടിംഗ്, നിയമസഹായം തുടങ്ങിയ സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾക്ക് പങ്കാളിത്ത ബിസിനസ് രൂപങ്ങളാണ് കൂടുതൽ യോജിക്കുക.

മേൽപറഞ്ഞ ഘടകങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ടവയും പരസ്പരം സ്വാധീനിക്കുന്നവയുമാണ്. അനുയോജ്യമായ സ്ഥാപനത്തിന്റെ രൂപം തെരഞ്ഞെടുക്കുമ്പോൾ മൂലധന വ്യാപ്തി, നഷ്ടസാധ്യതയുടെ തോത്, ബിസിനസിന്റെ സ്വഭാവം, വലിപ്പം തുടങ്ങിയ എല്ലാ ഘടകങ്ങളെയും വിശകലനം ചെയ്യേണ്ടതുണ്ട്. ഉദാഹരണമായി, ഒരു കേക്ക് നിർമ്മാണ യൂണിറ്റ് വൻ

കിട രീതിയിൽ ആരംഭിക്കണമെങ്കിൽ ഭീമമായ മൂലധനനിക്ഷേപം ആവശ്യമുള്ളപ്പോൾ, ഒരു കുടിൽ വ്യവസായമായി ഈ ഉൽപ്പന്നം നിർമ്മിക്കുവാൻ വളരെ കുറഞ്ഞ മൂലധനമേ ആവശ്യമുള്ളൂ. ആയതിനാൽ അനുയോജ്യമായ ബിസിനസ് രൂപം തിരഞ്ഞെടുക്കുമ്പോൾ പ്രസ്തുത ബിസിനസ്സുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും വിശകലനം ചെയ്യേണ്ടതുണ്ട്. (പട്ടിക 2.4 കാണുക).

**പട്ടിക 2.4 ബിസിനസ് രൂപം തിരഞ്ഞെടുക്കുമ്പോൾ പരിഗണിക്കേണ്ട ഘടകങ്ങൾ**

| ഘടകങ്ങൾ | ബിസിനസ് സംഘടനാരൂപം | |
|---|---|---|
| | **ഏറ്റവും അനുയോജ്യമായത്** | **അനുയോജ്യത കുറഞ്ഞത്** |
| മൂലധന ലഭ്യത | കമ്പനി | ഏകാംഗ വ്യാപാരം |
| രൂപീകരണച്ചെലവ് | ഏകാംഗ വ്യാപാരം | കമ്പനി |
| രൂപീകരിക്കാൻ എളുപ്പം | ഏകാംഗ വ്യാപാരം | കമ്പനി |
| ഉടമസ്ഥാവകാശക്കൈമാറ്റം | കമ്പനി (സ്വകാര്യ കമ്പനി ഒഴികെ) | പങ്കാളിത്ത ബിസിനസ് |
| കാര്യനിർവ്വഹണ ശേഷി | കമ്പനി | ഏകാംഗ വ്യാപാരം |
| നിയന്ത്രണങ്ങൾ | ഏകാംഗ വ്യാപാരം | കമ്പനി |
| അയവുള്ളത് | ഏകാംഗ വ്യാപാരം | കമ്പനി |
| തുടർച്ച | കമ്പനി | ഏകാംഗ വ്യാപാരം |
| ബാധ്യത | കമ്പനി | ഏകാംഗ വ്യാപാരം |

## പ്രധാന പദങ്ങൾ

ഏകാംഗ വ്യാപാരം
പരസ്പര പ്രാതിനിധ്യം
സുസ്ഥിരമായ നിലനിൽപ്പ്
കൂട്ടവകാശികൾ (കോ പാർസനേഴ്സ്)
പങ്കാളിത്ത ബിസിനസ്
സഹകരണ സംഘങ്ങൾ
കൃത്രിമ വ്യക്തിത്വം
കമ്പനി രൂപീകരണം
ഹിന്ദുകൂട്ടുകുടുംബ ബിസിനസ്
ജോയിന്റ് സ്റ്റോക് കമ്പനി
ഹോൾഡിംഗ് കമ്പനി.

## പട്ടിക 2.5

## വിവിധയിനം ബിസിനസ് സംരംഭങ്ങളുടെ താരതമ്യ പഠനം

| താരതമ്യത്തിന്റെ അടിസ്ഥാനം | ഏകാംഗ വ്യാപാരം | പങ്കാളിത്ത ബിസിനസ് | ഹിന്ദു കൂട്ടുകുടുംബം | സഹകരണ സംഘം | ജോയിന്റ് സ്റ്റോക്ക് കമ്പനി |
|---|---|---|---|---|---|
| രൂപീകരണം | രൂപീകരണം വളരെ എളുപ്പവും നിയമപരമായ നടപടിക്രമങ്ങൾ ലളിതവുമാണ്. | രൂപീകരണം എളുപ്പമാണ്, രജിസ്ട്രേഷൻ നിർബന്ധമില്ല | രജിസ്ട്രേഷൻ ആവശ്യമില്ല, രൂപീകരണം എളുപ്പം | രജിസ്ട്രേഷൻ നിർബന്ധമാണ്, നിയമപരമായ നടപടിക്രമങ്ങൾ കൂടുതലാണ് | രജിസ്ട്രേഷൻ നിർബന്ധമാണ്, നടപടിക്രമങ്ങൾ കൂടുതലും ചെലവേറിയതുമാണ് |
| അംഗങ്ങൾ | ഉടമസ്ഥൻ മാത്രം | കുറഞ്ഞത് : 2<br>കൂടിയത് : 50 | കുറഞ്ഞത് 2<br>കൂടിയത് പരിധിയില്ല | കുറഞ്ഞത് 10<br>കൂടിയത് പരിധിയില്ല | കുറഞ്ഞത് :<br>സ്വകാര്യകമ്പനി 2<br>പൊതുകമ്പനി 7<br>കൂടിയത്:<br>സ്വകാര്യകമ്പനി 200<br>പൊതുകമ്പനി - പരിധിയില്ല |
| മുതൽമുടക്ക് | ചെറിയ മുതൽമുടക്ക് | ഏകാംഗ വ്യാപാരത്തെക്കാൾ കൂടുതൽ | പരമ്പരാഗത സ്വത്ത് | പരിമിതമായ മുതൽമുടക്ക് | വളരെ വലിയ മുതൽമുടക്ക് |
| ബാധ്യത | പരിധിയില്ല | ഒറ്റയ്ക്കും കൂട്ടായും പരിധിയില്ലാത്ത ബാധ്യത | കർത്തയുടെ ബാധ്യതയ്ക്ക് പരിധിയില്ല, മറ്റ് അംഗങ്ങളുടെ ബാധ്യത പരിമിതം | ക്ലിപ്ത ബാധ്യത | ക്ലിപ്ത ബാധ്യത |
| മാനേജ്മെന്റും നിയന്ത്രണവും | ഏകാംഗ വ്യാപാരിയിൽ നിക്ഷിപ്തം, പെട്ടെന്ന് തീരുമാനം എടുക്കുന്നു | പങ്കാളികൾ കൂട്ടായി തീരുമാനങ്ങൾ എടുക്കുന്നു | കർത്ത തീരുമാനമെടുക്കുന്നു | തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ തീരുമാനമെടുക്കുന്നു | ബോർഡ് ഓഫ് ഡയറക്ടേഴ്സ് തീരുമാനമെടുക്കുന്നു |
| തുടർച്ച | ഇല്ല, ബിസിനസും ബിസിനസുകാരനും ഒന്നാണ്. | സ്ഥിരത ഏകാംഗ വ്യാപാരത്തേക്കാൾ കൂടുതൽ | തുടർച്ചയുണ്ട്, കർത്ത മരണപ്പെട്ടാലും ബിസിനസ് തുടരും | പ്രത്യേക നിലനിൽപ്പുള്ളതിനാൽ സ്ഥിരതയുണ്ട് | പ്രത്യേക നിലനിൽപ്പുള്ളതിനാൽ സ്ഥിരതയുണ്ട് |

## സംഗ്രഹം

ബിസിനസിന്റെ വിവിധരൂപങ്ങൾ തരംതിരിക്കപ്പെടുന്നത് ഓരോ ബിസിനസിന്റെയും ഉടമസ്ഥാവകാശത്തിന്റെ അടിസ്ഥാനത്തിലാണ്. ഏകാംഗ വ്യാപാരം, പങ്കാളിത്ത ബിസിനസ്, ഹിന്ദു കൂട്ടുകുടുംബ ബിസിനസ്, സഹകരണ സംഘങ്ങൾ, ജോയിന്റ് സ്റ്റോക്ക് കമ്പനികൾ എന്നിവയാണ് പ്രധാനപ്പെട്ട ബിസിനസ് സംഘടനാ രൂപങ്ങൾ.

**ഏകാംഗ വ്യാപാരം** : ഒരാൾ തന്നെ മുതൽ മുടക്കുകയും ഭരണം നടത്തുകയും നിയന്ത്രിക്കുകയും എല്ലാ നഷ്ടസാധ്യതകളും സഹിക്കുകയും മുഴുവൻ ലാഭം നേടുകയും ചെയ്യുന്ന സംരംഭങ്ങളെ ഏകാംഗ വ്യാപാരം എന്നുവിളിക്കാം. ഇവയുടെ പ്രധാന നേട്ടങ്ങൾ; പെട്ടെന്നുള്ള തീരുമാനം, വ്യക്തിപരമായ സംതൃപ്തി, നേരിട്ടുള്ള പ്രോത്സാഹനം, രൂപീകരിക്കാനുള്ള എളുപ്പം തുടങ്ങിയവയാണ്. ഇത്തരം സംരംഭങ്ങളുടെ പ്രധാന പരിമിതികൾ; വിഭവങ്ങളുടെ ദൗർലഭ്യം, ബിസിനസിന്റെ അസ്ഥിരത, പരിധിയില്ലാത്ത ബാധ്യത, കാര്യനിർവഹണത്തിലുള്ള മികവില്ലായ്മ എന്നിവയാണ്.

**പങ്കാളിത്ത ബിസിനസ്** : രണ്ടോ അതിലധികമോ ആളുകൾ ചേർന്ന് ഒരു കരാറിന്റെ അടിസ്ഥാനത്തിൽ ലാഭനഷ്ടങ്ങൾ വീതിച്ച് നടത്തുന്ന ബിസിനസ് സംരംഭത്തെ പങ്കാളിത്ത ബിസിനസ് എന്നു പറയുന്നു. ഇവയുടെ പ്രധാന നേട്ടങ്ങൾ; എളുപ്പത്തിൽ രൂപീകരിക്കാം, കൂടുതൽ മൂലധനലഭ്യത, നഷ്ടസാധ്യതയുടെ വിഭജനം എന്നിവയാണ്. പരിധിയില്ലാത്ത ബാധ്യത, സംഘർഷസാധ്യത, തുടർച്ചയില്ലായ്മ, പൊതുജനങ്ങളുടെ വിശ്വാസക്കുറവ് തുടങ്ങിയവ പങ്കാളിത്ത ബിസിനസിന്റെ പ്രധാന പോരായ്മകളാണ്. സജീവപങ്കാളി, സുഷുപ്ത പങ്കാളി, ഗുപ്തപങ്കാളി, നാമമാത്ര പങ്കാളി, പ്രതീതി പങ്കാളി, പ്രഖ്യാപിത പങ്കാളി എന്നിവരാണ് പങ്കാളിത്ത ബിസിനസ് സംരംഭങ്ങളിലെ വിവിധതരം പങ്കാളികൾ.

**ഹിന്ദു കൂട്ടുകുടുംബ ബിസിനസ്** : ഹിന്ദു കൂട്ടുകുടുംബത്തിലെ അംഗങ്ങളുടെ ഉടമസ്ഥതയിലുള്ള ബിസിനസ് സംരംഭമാണിത്. കുടുംബത്തിലെ ഏറ്റവും മുതിർന്ന അംഗമായ കർത്തയാണ് ഈ ബിസിനസിനെ നിയന്ത്രിക്കുന്നത്. ഇവയുടെ പ്രധാന ഗുണങ്ങൾ; കാര്യക്ഷമമായ നിയന്ത്രണം, സുസ്ഥിരമായ നിലനിൽപ്പ്, ക്ലിപ്ത ബാധ്യത, ഉയർന്നതോതിലുള്ള പൊതുജന വിശ്വാസം തുടങ്ങിയവയാണ്. മൂലധന ദൗർലഭ്യം, പ്രോത്സാഹനക്കുറവ്, കർത്തയുടെ ആധിപത്യം, പരിമിതമായ കാര്യനിർവഹണശേഷി തുടങ്ങിയവ ഇവയ്ക്കുള്ള ചില പോരായ്മകളാണ്.

**സഹകരണസംഘങ്ങൾ :** പൊതുവായ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സ്വമേധയാ ഒത്തുചേരുന്ന വ്യക്തികളുടെ ഒരു കൂട്ടായ്മയാണിത്. തുല്യ വോട്ടവകാശം, ക്ലിപ്ത ബാധ്യത, സുസ്ഥിരമായ നിലനിൽപ്പ്, കുറഞ്ഞ പ്രവർത്തനച്ചെലവ്, സർക്കാർ സഹായം, രൂപീകരിക്കാനുള്ള എളുപ്പം തുടങ്ങിയവ സഹകരണസംഘങ്ങളുടെ പ്രധാന ഗുണങ്ങളാണ്. എന്നാൽ മൂലധന ദൗർലഭ്യം, പരിമിതമായ കാര്യനിർവഹണ ശേഷി, രഹസ്യസ്വഭാവമില്ലായ്മ, സർക്കാർ നിയന്ത്രണം, അഭിപ്രായവ്യത്യാസങ്ങൾ തുടങ്ങിയവ സഹകരണസംഘങ്ങളുടെ പ്രധാന പോരായ്മകളാണ്. സഹകരണ സംഘങ്ങളെ രൂപീകരണലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ പലതായി തരംതിരിക്കാം. ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ഉൽപ്പാദക സഹകരണ സംഘങ്ങൾ, വിപണന സഹകരണ സംഘങ്ങൾ, കർഷക സഹകരണ സംഘങ്ങൾ, വായ്പാ സഹകരണ സംഘങ്ങൾ, ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ എന്നിവ ചില ഉദാഹരണങ്ങളാണ്.

**ജോയിന്റ് സ്റ്റോക്ക് കമ്പനി :** ജോയിന്റ് സ്റ്റോക്ക് കമ്പനികളെ നിയമം സൃഷ്ടിച്ച കൃത്രിമവ്യക്തികളായി പരിഗണിക്കാം. ഇവ നിയമത്തിന്റെ പിൻബലത്തോടെ രൂപീകൃതമായതും സ്ഥായിയായി നിലനിൽക്കുന്നതും പ്രത്യേകമായ വ്യക്തിത്വമുള്ളതും പൊതു മുദ്രയുള്ളതുമായ ബിസിനസ്

സംരംഭങ്ങളാണ്. അംഗങ്ങളുടെ ക്ലിപ്ത ബാധ്യത, ഓഹരി കൈമാറ്റം, സ്ഥിരമായ നിലനിൽപ്പ്, വിപുലീകരണ സാധ്യതകൾ, വൈദഗ്ധ്യമുള്ള മനേജ്മെന്റ് എന്നിവ ഇത്തരം സംരംഭങ്ങളുടെ നേട്ടങ്ങളാണ്. എന്നാൽ രൂപീകരണത്തിലുള്ള സങ്കീർണത, നിരവധി നിയന്ത്രണങ്ങൾ, തീരുമാന മെടുക്കാനുള്ള കാലതാമസം, ചുരുക്കം ചിലർ ചേർന്നുള്ള ഭരണം, ഓഹരി ഉടമകൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ തുടങ്ങിയവ ചില ദോഷങ്ങളാണ്. സാധാരണ യായി രണ്ടുതരം കമ്പനികളാണുള്ളത്; സ്വകാര്യ കമ്പനികൾ, പൊതുകമ്പനികൾ എന്നിവ. ഓഹ രി കൈമാറ്റത്തിൽ നിയന്ത്രണമുള്ളതും ഓഹരികൾ വാങ്ങുന്നതിനായി പൊതുജനങ്ങളെ ക്ഷണി ക്കുന്നതിന് വിലക്കുള്ളതുമായ കമ്പനികളെയാണ് സ്വകാര്യ കമ്പനികൾ എന്ന് വിളിക്കുന്നത്. നേരെമറിച്ച് ഓഹരികൾ യഥേഷ്ടം കൈമാറുവാനും ഓഹരി വിതരണത്തിനായി പൊതുജനങ്ങളെ ക്ഷണിക്കാൻ അവകാശമുള്ളതുമായ കമ്പനികളെ പൊതുകമ്പനികൾ എന്ന് വിളിക്കാം.

**ബിസിനസ് സംരംഭത്തിന്റെ രൂപം തിരഞ്ഞെടുക്കൽ** : ഒരു ബിസിനസ് സംരംഭം ആരംഭിക്കു മ്പോൾ അനുയോജ്യമായ ഒരു സംഘടനാരൂപം തിരഞ്ഞെടുക്കുവാൻ പല ഘടകങ്ങളും പരിഗണി ക്കേണ്ടതുണ്ട്. പ്രാരംഭ ചെലവുകൾ, ബാധ്യത, തുടർച്ച, മൂലധന പരിഗണനകൾ, കാര്യനിർവഹ ണ ശേഷി, നിയന്ത്രണത്തിന്റെ തോത്, ബിസിനസിന്റെ സ്വഭാവം തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിലാവണം അനുയോജ്യമായ സംഘടനാരൂപം തിരഞ്ഞെടുക്കേണ്ടത്.

## പരിശീലന ചോദ്യങ്ങൾ

### ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക

1. ഉടമസ്ഥാവകാശവും മാനേജ്മെന്റും വേറിട്ടു നിൽക്കുന്ന ബിസിനസ് സംഘടനാ രൂപ ത്തിന്റെ പേര്:
   a) ഏകാംഗ വ്യാപാരം b) പങ്കാളിത്ത ബിസിനസ്
   c) കമ്പനി d) എല്ലാ ബിസിനസ് സംരംഭങ്ങളും
2. ഹിന്ദു കൂട്ടുകുടുംബ ബിസിനസ്സിൽ കർത്തയുടെ ബാധ്യത:
   a) ക്ലിപ്ത ബാധ്യത b) അക്ലിപ്ത ബാധ്യത
   c) കടബാധ്യത ഇല്ല d) കൂട്ടായ ബാധ്യത
3. സഹകരണ സംഘങ്ങൾ പിൻതുടരുന്ന തത്വം:
   a) ഒരു ഓഹരിക്ക് ഒരു വോട്ട് b) ഒരു അംഗത്തിന് ഒരു വോട്ട്
   c) വോട്ടവകാശമില്ല d) ഒന്നിലധികം വോട്ടുകൾ ചെയ്യാം
4. ജോയിന്റ് സ്റ്റോക്ക് കമ്പനിയിലെ ഡയറക്ടർ ബോർഡ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്:
   a) പൊതുജനം b) സർക്കാർ പ്രതിനിധികൾ
   c) ഓഹരി ഉടമകൾ d) ജീവനക്കാർ
5. 'ലാഭം പങ്കുവയ്ക്കേണ്ടതില്ല' ഈ പ്രസ്താവന അനുയോജ്യമാവുന്നത്:
   a) പങ്കാളിത്ത ബിസിനസ് b) ഹിന്ദു കൂട്ടുകുടുംബ ബിസിനസ്
   c) ഏകാംഗ വ്യാപാരം d) കമ്പനി
6. ഒരു കമ്പനിയുടെ മൂലധനം പലഭാഗങ്ങളായി വിഭജിച്ചതിൽ ഒരു ഭാഗത്തെ വിളിക്കുന്ന പേര്:
   a) ഡിവിഡന്റ് b) ലാഭം
   c) പലിശ d) ഓഹരി

7. ഹിന്ദു കൂട്ടുകുടുംബ ബിസിനസിലെ തലവനെ വിളിക്കുന്ന പേര്:
   a) ഉടമസ്ഥൻ b) ഡയറക്ടർ
   c) കർത്ത d) മാനേജർ
8. അംഗങ്ങൾക്ക് ന്യായമായ നിരക്കിൽ താമസസൗകര്യങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നത്:
   a) ഉൽപ്പാദക സഹകരണ സംഘങ്ങൾ b) ഉപഭോക്തൃ സഹകരണ സംഘങ്ങൾ
   c) ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ d) വായ്പാ സഹകരണ സംഘങ്ങൾ
9. ഒരു പങ്കാളിയുടെ പങ്കാളിത്തം പൊതുജനം അറിയുന്നില്ലെങ്കിൽ അദ്ദേഹത്തെ വിളിക്കുന്ന പേര്:
   a) സജീവ പങ്കാളി b) സുഷുപ്ത പങ്കാളി
   c) നാമമാത്ര പങ്കാളി d) രഹസ്യ പങ്കാളി

## ഹ്രസ്വോത്തര ചോദ്യങ്ങൾ

1. കൂട്ടുകുടുംബ ബിസിനസിലെ പ്രായപൂർത്തിയാകാത്ത അംഗത്തെയും പങ്കാളിത്ത ബിസിനസിലെ പ്രായപൂർത്തിയാകാത്ത അംഗത്തെയും താരതമ്യം ചെയ്യുക.
2. പങ്കാളിത്ത സംരംഭങ്ങളുടെ രജിസ്ട്രേഷൻ നിർബന്ധമല്ലെങ്കിലും ഇത്തരം സ്ഥാപനങ്ങൾ സ്വമേധയാ രജിസ്റ്റർ ചെയ്യാറുണ്ട്. എന്തുകൊണ്ട്? വിശദീകരിക്കുക.
3. സ്വകാര്യ കമ്പനികൾക്കുള്ള വിശേഷാധികാരങ്ങൾ ഏതെല്ലാം?
4. ജനാധിപത്യവും മതേതരത്വവും മുഖമുദ്രയാക്കി പ്രവർത്തിക്കുന്ന സംരംഭമാണ് സഹകരണസംഘങ്ങൾ. എങ്ങനെയെന്ന് വിശദീകരിക്കുക.
5. പ്രതീതി പങ്കാളി എന്നാലെന്ത്? വിശദീകരിക്കുക.
6. താഴെപ്പറയുന്നവ വിശദീകരിക്കുക.
   a) സ്ഥായിയായ നിലനിൽപ്പ് b) പൊതു മുദ്ര
   c) കർത്ത d) കൃത്രിമ വ്യക്തിത്വം

## ദീർഘോത്തര ചോദ്യങ്ങൾ

1. ഏകാംഗ വ്യാപാരം എന്നാൽ എന്ത്? അതിന്റെ ഗുണദോഷങ്ങൾ വിശദീകരിക്കുക.
2. താരതമ്യേന ജനപ്രീതി കുറഞ്ഞ ബിസിനസ് രൂപമായി പങ്കാളിത്ത ബിസിനസിനെ ചിലർ കണക്കാക്കുന്നു. എന്തുകൊണ്ട്? പങ്കാളിത്ത ബിസിനസിന്റെ നേട്ടങ്ങളും പോരായ്മകളും വിശദീകരിക്കുക.
3. ഏതൊരു ബിസിനസ് ആരംഭിക്കുമ്പോഴും അനുയോജ്യമായ രൂപം തിരഞ്ഞെടുക്കണമെന്ന് പറയുന്നതിന്റെ പ്രാധാന്യമെന്ത്? ബിസിനസ് തിരഞ്ഞെടുക്കുമ്പോൾ പരിഗണിക്കേണ്ട ഘടകങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുക.
4. സഹകരണ സംഘങ്ങളുടെ സവിശേഷതകൾ, ഗുണങ്ങൾ, ദോഷങ്ങൾ എന്നിവ ചർച്ച ചെയ്യുക. വിവിധതരം സഹകരണ സംഘങ്ങളെക്കുറിച്ച് വിശദീകരിക്കുക.
5. കൂട്ടുകുടുംബ ബിസിനസിന്റെയും പങ്കാളിത്ത ബിസിനസിന്റെയും വ്യത്യാസങ്ങൾ കണ്ടെത്തുക.

6. ഒട്ടേറെ പരിമിതികൾ ഉണ്ടെങ്കിലും ധാരാളമാളുകൾ ഏകാംഗ വ്യാപാര സംരംഭങ്ങൾക്കാണ് മുൻഗണന നൽകാറുള്ളത് എന്തുകൊണ്ട്?

## പ്രായോഗിക ചോദ്യങ്ങൾ

1. ഒരു കരാറിന്റെ അടിസ്ഥാനത്തിൽ ഒന്നിലധികം പേർ ചേർന്ന് രൂപീകരിക്കുന്ന ബിസിനസ്സ് സംരംഭം ഏതെന്നു തിരിച്ചറിയുക. നിങ്ങളുടെ അഭിപ്രായത്തെ സാധൂകരിക്കുക.
2. ഒരു ബിസിനസ് സ്ഥാപനത്തിന്റെ ആസ്തികളുടെ മൂല്യം 50,000 രൂപയാണ്. അവരുടെ ആകെ ബാധ്യത 80,000 രൂപയും. താഴെപ്പറയുന്ന സാഹചര്യത്തിൽ ക്രെഡിറ്റേർസിന് സ്വീകരിക്കാവുന്ന നടപടി വിശദമാക്കുക.
   a) സ്ഥാപനം ഒരു ഏകാംഗ വ്യാപാരമാണ്
   b) അലിയും മഹേഷും ചേർന്നു നടത്തുന്ന പങ്കാളിത്ത സ്ഥാപനമാണെങ്കിൽ ക്രെഡിറ്റേർസിന് അവർക്ക് ലഭിക്കാനുള്ള തുക തിരികെ കിട്ടുന്നതിനുവേണ്ടി ഇവരിൽ ആരെയാണ് സമീപിക്കേണ്ടത്? നിങ്ങളുടെ പ്രതികരണത്തെ സാധൂകരിക്കുക.
3. കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി അഭിജിത്ത് തന്റെ സ്റ്റേഷനറി ബിസിനസ്സും ആഭരണശാലയും ബാഗ് വിൽപ്പനകേന്ദ്രവും നഗരത്തിന്റെ വിവിധ പ്രദേശങ്ങളിൽ വിജയകരമായി നടത്തിക്കൊണ്ടിരിക്കുകയാണ്. എല്ലാ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ നോക്കി നടത്തുവാൻ കഴിയുന്നുണ്ടെങ്കിലും തന്റെ സ്ഥാപനം ഒരു ജോയിന്റ് സ്റ്റോക്ക് കമ്പനി ആക്കി മാറ്റാൻ അദ്ദേഹം ആഗ്രഹിക്കുന്നു. അതോടൊപ്പം രാജ്യത്താകമാനം പുതിയ ശാഖകൾ തുറക്കാനും പദ്ധതിയുണ്ട്.
   a) ഈ സ്ഥാപനം ഒരു ഏകാംഗ വ്യാപാരമായി തുടരുന്നതിന്റെ 2 ഗുണങ്ങൾ വിശദീകരിക്കുക.
   b) ഒരു കമ്പനിയാക്കി മാറ്റുന്നതിന്റെ 2 ഗുണങ്ങൾ വിശദമാക്കുക.
   c) അദ്ദേഹം തിരഞ്ഞെടുക്കുന്ന ബിസിനസ് സംഘടനാരൂപം രാജ്യവ്യാപകമായി ശാഖകൾ ആരംഭിക്കണമെന്ന തീരുമാനത്തിൽ വഹിക്കുന്ന പങ്ക് വിശദമാക്കുക.
   d) കമ്പനിയായി പ്രവർത്തനമാരംഭിക്കുന്നതിനുള്ള നിയമപരമായ നടപടിക്രമങ്ങൾ എന്തെല്ലാം?

## പ്രോജക്റ്റ് / അസൈൻമെന്റ്

താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി വിദ്യാർഥികളെ വിവിധ ഗ്രൂപ്പുകളായി തിരിക്കുക.

a) സമീപപ്രദേശത്തുള്ള ഏതെങ്കിലും 5 പലവ്യഞ്ജന വിൽപ്പനശാലകളുടേയോ സ്റ്റേഷനറി വിൽപ്പനശാലകളുടേയോ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട വിവരങ്ങൾ (profile) പഠനവിധേയമാക്കുക.

b) ഒരു കൂട്ടുകുടുംബ ബിസിനസിന്റെ പ്രവർത്തനങ്ങൾ പഠനവിധേയമാക്കുക.

c) ഏതെങ്കിലും 5 പങ്കാളിത്ത സ്ഥാപനങ്ങളുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട വിവരങ്ങളെക്കുറിച്ച് (profile) അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കുക.

d) പ്രദേശത്തുള്ള സഹകരണസംഘങ്ങൾ പിൻതുടരുന്ന തത്വങ്ങളും പ്രവർത്തനരീതികളും പഠനവിധേയമാക്കുക.

e) ഏതെങ്കിലും 5 കമ്പനികളുടെ (സ്വകാര്യകമ്പനികളും പൊതുകമ്പനികളും) വിവരങ്ങൾ (profile) ശേഖരിക്കുക.

**കുറിപ്പുകൾ**

1. മേൽസൂചിപ്പിച്ച പഠനങ്ങൾ നടത്തുന്നതിനായി താഴെപ്പറയുന്ന സൂചനകൾ വിദ്യാർത്ഥികൾക്ക് നൽകാവുന്നതാണ്:

ബിസിനസിന്റെ സ്വഭാവം, മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപനത്തിന്റെ വലിപ്പം, ജീവനക്കാരുടെ എണ്ണം, വിറ്റുവരവ്, സ്ഥാപനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, പ്രസ്തുത ബിസിനസ് സംഘടനാരൂപം തിരഞ്ഞെടുത്തതിന് പിന്നിലുള്ള കാരണങ്ങൾ, തീരുമാനങ്ങൾ കൈക്കൊള്ളുന്ന രീതി, വിപുലീകരണ സാധ്യതകൾ, തിരഞ്ഞെടുത്ത സംഘടനാ രൂപത്തിന്റെ ഉപയുക്തത തുടങ്ങിയവ.

2. മേൽപ്പറഞ്ഞ പഠനങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രോജക്റ്റ് റിപ്പോർട്ടുകളും മൾട്ടിമീഡിയ പ്രസന്റേഷനുകളും തയ്യാറാക്കി വരുന്നതിനായി വിദ്യാർത്ഥികളെ പ്രേരിപ്പിക്കാവുന്നതാണ്.